# സന്നദ്ധ സന്ദേശം

2022 JANUARY VOL. 20 • ISSUE: 01



ഞങ്ങളെ നിങ്കലേക്ക്
മടക്കി വരുത്തേണമേ,
പണ്ടത്തെപ്പോലെ
ഒരു നല്ലകാലം വരുത്തേണമേ



**അച്ചൻകോവിൽ മിഷൻഫീൽഡ് – ക്രിസ്മസ്**





**സുന്ദരപാണ്ഡ്യപുരം മിഷൻഫീൽഡ് – ക്രിസ്മസ് കരോൾ & തയ്യൽ സ്കൂൾ സർട്ടിഫിക്കറ്റ് ദാനം**

## അനുശോചനം



**കെ യേശുദാസൻ**
(റിട്ട. അധ്യാപകൻ )

തേവലക്കര സെന്റർ സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആദ്യകാല പ്രവർത്തകനായിരുന്ന പുതുശ്ശേരിൽ കെ. യേശുദാസൻ (96) ഡിസംബർ 11നു ദൈവ സന്നിധിയിൽ ചേർക്കപ്പെട്ടു. ഡിസംബർ 12 ആം തീയതി ഞായറാഴ്ച സംസ്കാര ശുശ്രൂഷ നടന്നു. മാർത്തോമാ സഭ മുൻ അടൂർ മാവേലിക്കര ഭദ്രാസനത്തിന്റെ സന്നദ്ധ സുവിശേഷക സംഘത്തിന്റെ പ്രഥമ ഭദ്രാസന സെക്രട്ടറി, തേവലക്കര സെന്റർ ഓർഗനൈസർ, സെക്രട്ടറി,സഞ്ചാര സുവിശേഷകൻ, കേരള ഗോസ്പെൽ ടീമിന്റെ സുവിശേഷകൻ, സുവിശേഷ പ്രഘോഷകൻ, കരുനാഗപ്പള്ളി യൂണിയൻ ക്രിസ്ത്യൻ ഫെലോഷിപ്പ് കൺവീനർ എന്നീ നിലകളിലും ശുശ്രൂഷ ചെയ്തു. തേവലക്കര ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക വികാരി റവ. തോമസ് യേശുദാസൻ അച്ചന്റെ പിതാവാണ്.

# ഉള്ളടക്കം

2022
സന്നദ്ധ
സന്ദേശം
VOL. 20 ISSUE: 01
JANUARY

**എഡിറ്റോറിയൽ ബോർഡ്**

- ചെയർമാൻ :
  **റൈറ്റ്. റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**
- മാനേജിംഗ് എഡിറ്റർ :
  **റവ. പി. സി. സജി**
- ബോർഡ് അംഗങ്ങൾ :
  **ബാബു പുല്ലാട്**
  **ബേബിക്കുട്ടി പുല്ലാട്**
  **ഡോ. ഷിബു ഉമ്മൻ**
- പ്രസിദ്ധീകരണ സമിതി
  **റൈറ്റ്. റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**
  **ബാബു പുല്ലാട്**
  **ബേബിക്കുട്ടി പുല്ലാട്**
  **ഡോ. ഷിബു ഉമ്മൻ**

**MAR THOMA VOLUNTARY EVANGELISTS' ASSOCIATION**
Kompadi, Manjadi P.O, Thiruvalla 689 105,
E-mail : mtvea@rediffmail.com
Website : www.mtvea.org, Ph: **0469 2602907**

4 **പ്രസിഡന്റിന്റെ സന്ദേശം**

6 **ജനറൽ സെക്രട്ടറിയുടെ കത്ത്**

8 **എഡിറ്റോറിയൽ**

9 **പുതുവർഷത്തിൽ നന്മയെ മുറുകെ പിടിക്കുക...**
റൈറ്റ് റവ. വി. എസ്. ഫ്രാൻസിസ് ബിഷപ്പ്

12 **ജീവനിറവുള്ള കൃപയുടെ ചിറകുകൾ**
ഷാജി ജോർജ്

15 **കഴിഞ്ഞതെല്ലാം മറക്കുക പുതിയ തുടക്കം...**
തോമസ് അലക്സാണ്ടർ

18 **ക്രിസ്തു ദർശനത്തിന്റെ തെളിമയിൽ...**
റവ. മോൻസി വർഗീസ്

21 **പ്രസംഗക്കുറിപ്പ് – ജനുവരി 9 ഞായർ**
റവ. കെ. പി. സാബു

23 **പ്രസംഗക്കുറിപ്പ് – ജനുവരി 16 ഞായർ**
റവ. ജോ മാത്യു

26 **പ്രസംഗക്കുറിപ്പ് – ജനുവരി 23 ഞായർ**
ബ്ലസൻ ബെഞ്ചമിൻ

29 **പ്രസംഗക്കുറിപ്പ് – ജനുവരി 30 ഞായർ**
റവ. വിനീത് മാത്യു


32 **പ്രസംഗക്കുറിപ്പ് – ഫെബ്രുവരി 6 ഞായർ**
റവ. ഷിബു ശമുവേൽ

വാർഷികവരിസംഖ്യ : **150/– രൂപ**

ആയുഷ്കാല വരിസംഖ്യ : **1250 രൂപ** (20 വർഷത്തേക്ക്)
വിദേശത്തേക്കുള്ള പോസ്റ്റേജ് : **1000 രൂപ** (പ്രതിവർഷം)

Page layout & Cover Design:
Crayons Media, 9495901381, crayonsmediatvla@gmail.com

Printing: Mar Thoma Press, Thiruvalla,Tel : 0469 2741191



# മാനസാന്തരപ്പെടുക മടങ്ങിവരിക

യിസ്രായേലിന്റെ ചരിത്രത്തിലെ 'വിലപിക്കുന്ന പ്രവാചകൻ' എന്ന പേരിൽ അറിയപ്പെടുന്ന യിരെമ്യാപ്രവാചകന്റെ വിലാപങ്ങളുടെ കണ്ണുനീർ നിറഞ്ഞിരിക്കുന്ന പുസ്തകമാണ് 'വിലാപങ്ങൾ'. യെരുശലേമിന്റെ പതനവും ജനതയുടെ ദുർന്നടപ്പും യിരെമ്യാവിന്റെ ഹൃദയത്തിൽ ഏൽപിച്ച മുറിവുകളിൽനിന്നാണ് 'വിലാപങ്ങൾ' പുറപ്പെടുന്നത്. നല്ലകാലങ്ങൾ അസ്തമിച്ചുപോയതിന്റെ കാരണം തേടുന്ന യിരെമ്യാവ് ദൈവത്തോടു ചോദിക്കുന്നു– "നീ സദാകാലം ഞങ്ങളെ മറക്കുന്നതും ദീർഘകാലം ഞങ്ങളെ ഉപേക്ഷിക്കുന്നതും എന്ത്?" (വിലാപങ്ങൾ 5: 20) അതിന് യിരെമ്യാവ് കണ്ടെത്തുന്ന പരിഹാരമാർഗ്ഗമാണ് 'യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിന് ഞങ്ങളെ നിങ്കലേക്ക് മടക്കിവരുത്തേണമേ; ഞങ്ങൾക്കു പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരുത്തേണമേ" (5:21) നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാവരും പ്രാർത്ഥിക്കുന്ന ഒരു പ്രാർത്ഥനയാണ് "ഞങ്ങൾക്കു പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുത്തേണമേ" എന്നുള്ളത്– കോവിഡ് 19 എന്ന മഹാമാരിയാണ് ഇപ്രകാരം പ്രാർത്ഥിക്കുവാൻ നമ്മെ ഇന്നു പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

സ്വാർത്ഥത പെരുകുകയും ദുഷ്ടത കരകവിഞ്ഞൊഴുകുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം നാം ഇന്ന് എല്ലായിടത്തും കാണുന്നുണ്ട്. കൊറോണ വൈറസ് പല വകഭേദങ്ങളായി പരിണമിക്കുന്നു എന്ന് ആശങ്കപ്പെടുന്ന നമ്മൾ ഇന്ന് ദുഷ്ടതയുടെ വകഭേദങ്ങളെ വേണ്ടവണ്ണം ഗൗരവമായി കാണുന്നുണ്ടോ? എന്നത് പ്രസക്തമായ ഒരു കാര്യമാണ്. അധർമ്മം പെരുകുമ്പോൾ മനുഷ്യമനസുകളിലെ നന്മയുടെ പച്ചപ്പുകൾ അപ്രത്യക്ഷമാകുകയും മനുഷ്യമനസുകൾ മരുഭൂമികളായി മാറുകയും ചെയ്യും. സ്വാഭാവികമായും മനുഷ്യമനസുകൾ മരുഭൂമികളാകുമ്പോൾ സമൂഹമനസും മരുഭൂമിയായി പരിണമിച്ചുകൊണ്ടിരിക്കും. യിസ്രായേലിന്റെ ചരിത്രത്തിലെ അത്തരമൊരു കാലഘട്ടത്തിലാണ് യിരെമ്യാവ് പ്രവാചകൻ തന്റെ പ്രവാചകദൗത്യം നിർവഹിച്ചത്. യിരെമ്യാവിന്റെ പ്രവചനത്തിൽ യിരെമ്യാവ് ദൈവത്തോടു ചോദിക്കുന്നുണ്ട്– "എന്റെ വേദന നിരന്തരവും, എന്റെ മുറിവ് പൊറുക്കത്തക്കവണ്ണം വിഷമവും ആയിരിക്കുന്നതെന്ത്? നീ എനിക്കു ചതിക്കുന്ന തോടും വറ്റിപ്പോകുന്ന വെള്ളവും പോലെ ആയിരിക്കുമോ?" –ഈ ചോദ്യത്തിനു ദൈവം നൽകുന്ന മറുപടിയായി തുടർന്ന് യിരെമ്യാവ് ഇപ്രകാരം പറയുന്നു– "അതുകൊണ്ട് യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നീ മടങ്ങിവന്നാൽ ഞാൻ

നിന്നെ എന്റെ മുമ്പാകെ നിൽപ്പാൻ തക്കവണ്ണം വീണ്ടും കൈക്കൊള്ളും. നീ അധമമായത് ഒഴിച്ച് ഉത്തമമായതു പ്രസ്താവിച്ചാൽ നീ എന്റെ വായ്പോലെ ആകും; അവർ നിന്റെ പക്ഷം തിരിയും, നീ അവരുടെ പക്ഷം തിരിയുകയില്ല. ഞാൻ നിന്നെ ഈ ജനത്തിനു ഉറപ്പുള്ള താമ്രഭിത്തിയാക്കിവയ്ക്കും. അവർ നിന്നോടു യുദ്ധം ചെയ്യും. ജയിക്കയില്ല; നിന്നെ രക്ഷിപ്പാനും വിടുവിപ്പാനും ഞാൻ നിന്നോടുകൂടെ ഉണ്ട് എന്ന് യഹോവയുടെ അരുളപ്പാട്. ഞാൻ നിന്നെ ദുഷ്ടന്മാരുടെ കൈയിൽനിന്ന് വിടുവിക്കും, നിഷ്കണ്ടകന്മാരുടെ കൈയിൽ നിന്നു വീണ്ടുകൊള്ളുകയും ചെയ്യും" (യിരെമ്യാവ് 15:18-21).


യിരെമ്യാവിന്റെ വിലാപങ്ങൾ അനേകം ചോദ്യങ്ങളുടെ വകഭേദങ്ങൾ നിറഞ്ഞതാണെങ്കിലും എല്ലായിടത്തും തെളിയുന്ന ഉത്തരം പ്രധാനമായും ദൈവത്തിങ്കലേക്ക് മടങ്ങി വരിക എന്നതാണ്. നമ്മുടെ ഈ കാലഘട്ടത്തിലും ഏറെ ആവശ്യമായിരിക്കുന്നത് ദൈവത്തിങ്കലേക്കുള്ള ഒരു മടങ്ങിവരവാണ്. ഉൽപത്തി പുസ്തകം മുതൽക്കുതന്നെ മുഴങ്ങി കേൾക്കുന്ന രണ്ടു പ്രധാന ചോദ്യങ്ങളാണ്- "നീ എവിടെ?" എന്ന ചോദ്യവും 'നിന്റെ സഹോദരൻ എവിടെ?' എന്ന ചോദ്യവും. പാപം ചെയ്ത ആദിമാതാപിതാക്കൾ ദൈവത്തിൽനിന്നും ദൈവഹിതത്തിൽ നിന്നും അകന്നപ്പോൾ 'നീ എവിടെ?' എന്ന ചോദ്യം ഉയരുന്നു. കായേൻ സഹോദരനെ കൊന്നുകൊലവിളി നടത്തുമ്പോൾ 'നിന്റെ സഹോദരൻ എവിടെ?' എന്ന ചോദ്യം ഉയരുന്നു. ഇന്നും ഈരണ്ടു ചോദ്യങ്ങൾക്കും പ്രസക്തിയുണ്ട്. ദൈവത്തിൽ നിന്നും മനുഷ്യൻ അകന്നു പോയിരിക്കുന്നു. അതാണ് യഥാർത്ഥപ്രശ്നം. പരിഹാരം വ്യക്തമാണ് ദൈവത്തിങ്കലേക്കു മടങ്ങിവരിക. സഹോദരർ തമ്മിൽ അകന്നിരിക്കുന്നു. 'സാമൂഹ്യ അകലം' രോഗപ്രതിരോധത്തിനായി നാം എല്ലാവരും സ്വീകരിക്കേണ്ടിവരുന്ന ഒരു കാലമാണിത്. അതു നമ്മുടെ എല്ലാവരുടെയും ആരോഗ്യസംരക്ഷണത്തിനുവേണ്ടിയുള്ള മുൻകരുതലാണ്. നമ്മുടെ സമൂഹത്തിന്റെ യഥാർത്ഥപ്രശ്നം മാനസിക അകലമാണ്. മനുഷ്യനും മനുഷ്യനും തമ്മിൽ അകലം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ദൈവത്തിങ്കലേക്കു മടങ്ങിവരുന്ന നമ്മൾ സഹോദരരിലേക്കും മടങ്ങി വരണം. മടങ്ങി വന്നതിനുശേഷം എന്തു ചെയ്യണം? ഈ ചോദ്യം വളരെ പ്രസക്തമാണ്. പേരിനു മാത്രമുള്ള മടങ്ങിവരവല്ല നമുക്കാവശ്യം. നാം എന്തുചെയ്യണം- "ഗുരോ ഞാൻ നിത്യജീവന് അവകാശി ആയിത്തീരുവാൻ എന്തു ചെയ്യണം" എന്ന ന്യായശാസ്ത്രിയുടെ ചോദ്യത്തിനു "ന്യായപ്രമാണത്തിൽ എന്ത് എഴുതിയിരിക്കുന്നു; നീ എങ്ങനെ വായിക്കുന്നു?" എന്ന മറുചോദ്യത്തിനുള്ള മറുപടിയായി ന്യായശാസ്ത്രി പറയുന്നതിൽ നമുക്കു കാണുവാൻ കഴിയും- "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടി സ്നേഹിക്കണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം എന്നും തന്നെ എന്ന് ഉത്തരം പറഞ്ഞു. അവൻ അവനോട്: നീ പറഞ്ഞ ഉത്തരം ശരി; അങ്ങനെ ചെയ്ക എന്നാൽ നീ ജീവിക്കും എന്നു പറഞ്ഞു. (വി. ലൂക്കോസ് 10: 25-28). കർത്താവ് ഇന്നും നമ്മോടു പറയുന്നത് മടങ്ങിവരവ് ദൈവത്തേയും സഹോദരനെയും സ്നേഹിക്കാനുള്ള മടങ്ങി വരവായിരിക്കണം എന്നാണ്.

ഈ മടങ്ങി വരവ് സാധ്യമാകുന്നുവെങ്കിൽ മടങ്ങി വരാനുള്ള ഒരു സുബോധം നമുക്കുണ്ടാകണം. അതിനു ദൈവകൃപ ആവശ്യമാണ്. അതുകൊണ്ട് "ഞങ്ങൾ മടങ്ങി വരേണ്ടതിന് ഞങ്ങളെ നിങ്കലേക്കു മടക്കിവരുത്തേണമെ" എന്നു ദൈവത്തോടു യിരെമ്യാവ് പ്രാർത്ഥിക്കുന്നു. നമുക്കും ഈ പ്രാർത്ഥനയിൽ പങ്കു ചേരാം. അപ്പോൾ നല്ലകാലങ്ങൾ ദൈവം നമുക്കു സമ്മാനിക്കും. പുതിയ സംവത്സരത്തിലേക്കു കടക്കുമ്പോൾ നമ്മുടെ പ്രാർത്ഥനകളും നമ്മുടെ അനുഭവങ്ങളും ദൈവപ്രസാദം കൊണ്ടു നിറയുവാൻ ദൈവം നമ്മെ മടക്കിവരുത്തട്ടെ, നല്ല കാലങ്ങൾ സമാഗതമാകട്ടെ. അതിനായി ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ്**
**മാർ സ്തെഫാനോസ്**
**എപ്പിസ്ക്കോപ്പാ**

തിരുവല്ല
16.12.2021

# പുതുവത്സരത്തിൽ പ്രാർത്ഥനയുടെ നല്ല നാളുകളിലേക്ക് മടങ്ങാം



**ജനറൽ സെക്രട്ടറിയുടെ കത്ത്**

കർത്താവിൽ പ്രിയരേ

ഒരു പുതിയ വർഷം കൂടെ ദൈവം നമുക്കു ദാനമായി നൽകിയിരിക്കുന്നു. പോയ വർഷം അനുഭവിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കാം. കോവിഡിന്റെ വൈറസുകൾ പുതിയ വകഭേദങ്ങളിൽ ഇന്നും മാറാതെ നിലനിൽക്കുന്നു. ഈ മഹാമാരി എത്ര നാൾ നമ്മെ വേട്ടയാടുമെന്ന് പ്രവചിക്കുവാൻ ആർക്കും കഴിയുന്നില്ല. ഒരു കാര്യം ഉറപ്പായി പറയാം. ദൈവമറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല. വിലാപങ്ങളുടെ പുസ്തകം അഞ്ചാം അധ്യായം 21-ാം വാകൃത്തിൽ ഒരു ജനതയുടെ വിലാപം യിരമ്യാവ് രേഖപ്പെടുത്തിയിരിക്കുന്നു. യഹോവേ, ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ, ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുത്തേണമേ. രണ്ടായിരത്തി ഇരുപത്തി രണ്ടിൽ ഈ വചനം നമ്മുടെ പ്രാർത്ഥനയായി മാറണം.

എന്തുകൊണ്ട് ഈ ജനത വിലപിക്കേണ്ടി വന്നു? കാരണങ്ങൾ പലതുണ്ട്. ദൈവത്തെ മറന്നുപോയ ദൈവജനം ബാബിലോണിയൻ പ്രവാസത്തിൽ കഴിയേണ്ടിവന്നു. യിസ്രായേൽ ജനതയ്ക്കുള്ള ദൈവത്തിന്റെ ശിക്ഷാവിധിയായി പ്രവാചകന്മാർ അതിനെ വ്യാഖ്യാനിക്കുന്നു. ദു:ഖങ്ങളുടെയും, ദുരിതങ്ങളുടെയും, നിരാശയുടെയും നാളുകളിൽ അവർ ഒരിക്കൽ മറന്നുകളഞ്ഞ യെരുശലേമിനെ ഓർത്തു.

ബാബിലോണിയൻ ചക്രവർത്തി നെബൂഖദ്നേസർ തീയിട്ടു കളഞ്ഞ ദേവാലയത്തെ ഓർത്തു. നഷ്ടപ്പെട്ടുപോയ ആരാധനയുടെ നാളുകളോർത്തു. പെരുനാളുകളുടെ സന്തോഷങ്ങൾ ഓർത്തു. എല്ലാ നഷ്ടബോധങ്ങൾക്കും കാരണം തങ്ങളുടെ കുറവാണെന്ന് അവർ തിരിച്ചറിഞ്ഞപ്പോൾ വിലാപത്തോടെ പ്രാർത്ഥിക്കുന്നു. “ഞങ്ങളെ നിങ്കലേക്ക് മടക്കിവരുത്തേണമേ, പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുത്തേണമേ”.

നമുക്കും ദേവാലയങ്ങൾ അടഞ്ഞുപോയ നാളുകളും നിരാശയുടെ കാലങ്ങളും ഉണ്ടായിരിക്കുന്നു. ഒരു മടങ്ങിവരവും പ്രാർത്ഥനയും ഇന്നിന്റെ ആവശ്യമാണ്.

തമിഴ്നാട്ടിലെ കൂനൂരിനടുത്ത് നഞ്ചപ്പസത്രം എന്ന കൊച്ചുഗ്രാമം ഇപ്പോൾ ലോകത്തിന്റെ തന്നെ ശ്രദ്ധാകേന്ദ്രമായിരിക്കുന്നു. അവിടെയാണ് സംയുക്ത സേനാ മേധാവി ജനറൽ ബിപിൻ റാവത്ത് ഉൾപ്പെടെ 14 പേരുടെ മരണത്തിനിടയാക്കിയ ഹെലികോപ്റ്റർ അപകടം നടന്നത്. കത്തിയമരുന്ന ഹെലികോപ്റ്ററിനടുത്തേക്ക് തീയണക്കാനായി ഓടിയടുത്ത ഗ്രാമവാസികൾ കാണുന്നത് മനുഷ്യർ തീഗോളമായി കത്തിയമരുന്നതാണ്. കൊടും തണുപ്പിലെ ആശ്രയമായ പുതപ്പും, അതോടൊപ്പം മണ്ണും, ജലവുമായി അവർ തീയണക്കാൻ തുടങ്ങി. രണ്ടുദിനം കഴിഞ്ഞ് ലഫ്റ്റനന്റ് ജനറൽ എ.അരുൺ എന്ന ഉദ്യോഗസ്ഥനും കൂട്ടരും ഗ്രാമവാസികളെ സ്നേഹകമ്പളം കൊണ്ട് പൊതിഞ്ഞു. പുതിയ പുതപ്പുകളും, ഭക്ഷണവും, മരുന്നും അവരെ തേടിയെത്തി. നന്മയുള്ള സാധാരണ മനുഷ്യരുടെ സ്നേഹത്തിനു മുൻപിൽ എന്ത് പകരം കൊടുക്കാനാവും.

കേരളം ഒട്ടാകെയുള്ള മലയാളി സമൂഹം അത്യത്ഭുതത്തോടെയും ഞെട്ടലോടെയും കേട്ട വാർത്തയാണ് കേരള ഗവർണർ ബഹുമാനപ്പെട്ട ആരിഫ് മുഹമ്മദ്ഖാന്റെ പരസ്യ പ്രസ്താവനകൾ. അഴിമതിയും, സ്വജന പക്ഷവാദവും ജനകീയ സർക്കാരുകളിൽ നിറയുമ്പോൾ തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരായവർ ആരെയാണ് സമീപിക്കേണ്ടത്. തീർച്ചയായും ഇക്കാര്യങ്ങളിൽ സർക്കാരുകൾ പുനർവിചിന്തനത്തിന് തയ്യാറാകണം.

നമ്മുടെ എ.എം.എം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ഈ വർഷം കോഴ്സ് പൂർത്തിയാക്കിയ 8 വിദ്യാർത്ഥികളുടെയും, 2020 ൽ പഠനം പൂർത്തിയാക്കിയ 10 വിദ്യാർത്ഥികളുടെയും സർട്ടിഫിക്കേറ്റ് ദാന ശുശ്രൂഷ ഡിസംബർ 17 ന് നമ്മുടെ ചാപ്പലിൽ വച്ച് നടന്നു. അഭിവന്ദ്യ ഡോ.ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് തിരുമേനി ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അതിനെ തുടർന്ന് നടന്ന ക്രിസ്മസ് കരോൾ സർവ്വീസിലും കുട്ടികളും മാതാപിതാക്കളും പങ്കെടുത്തു. ജനുവരി മാസത്തിൽ പുതിയ കോഴ്സ് ആരംഭിക്കുന്നു. പ്രായഭേദമെന്യേ ദൈവവചനം പഠിക്കുവാൻ ആഗ്രഹിക്കുന്നവർ എത്രയും വേഗം ഓഫീസുമായി ബന്ധപ്പെടാൻ അഭ്യർത്ഥിക്കുന്നു.

ഡിസംബർ 19-ാം തീയതി ഞായറാഴ്ച രാവിലെ സംഘം ചുമതലക്കാരോടൊപ്പം അച്ചൻകോവിൽ മിഷൻഫീൽഡു സന്ദർശിച്ച് വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകി. അന്നേദിവസം സുന്ദരപാണ്ഡ്യപുരം മിഷൻഫീൽഡിൽ ക്രിസ്മസ് കരോൾ സർവ്വീസിൽ പങ്കെടുക്കുവാനും ദൈവം അവസരം തന്നു. മല്ലപ്പള്ളി ഈസ്റ്റ് സെന്ററിലെ പ്രവർത്തകരും ഈ ശുശ്രൂഷയിൽ പങ്കെടുത്തു. ഡസംബർ 23 ന് മുക്കട മിഷൻ സെന്ററിൽ ക്രിസ്മസ് കരോൾ സർവ്വീസ് നടന്നു.

വർഷാന്ത്യ ശുശ്രൂഷയായി 8 ദിവസങ്ങളിൽ ഒലിവുമല കൺവൻഷൻ നമ്മുടെ ഗോസ്പൽ ടീമിന്റെ നേതൃത്വത്തിൽ അനുഗ്രഹീതമായി നടന്നു.

ദൈവകൃപയാൽ ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ അവന്റെ ദൃഷ്ടി നമ്മുടെ മേൽ ഉണ്ടായിരുന്നു. പുതിയ വർഷം പ്രവർത്തനങ്ങളിൽ ബഹുദൂരം പോകണമെന്ന് ആഗ്രഹിക്കുന്നു. ദൈവമക്കളുടെ കരുതലും, സഹായവും പ്രാർത്ഥനയും കൂടെയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

***എല്ലാവർക്കും അനുഗ്രഹം നിറഞ്ഞ പുതുവൽസരാശംസകൾ.***

കർതൃ ശുശ്രൂഷയിൽ

**റവ. പി. സി. സജി,** ജനറൽ സെക്രട്ടറി

## എഡിറ്റോറിയൽ

"ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ.
ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുത്തേണമേ".

ഒരു മടക്കയാത്രയ്ക്ക് സമയമായി.
ദൈവത്തെ മറന്നുപോയവരും
ദൈവത്തിന്റെ ഭവനത്തിൽ നിന്ന് അകന്നുപോയവരും
തിരികെ നടന്നേ മതിയാകൂ...
കാലത്തിന്റെ ഗതിവിഗതികളും, മഹാമാരിയുമൊക്കെ കണ്ട്
നാം ഒരു വർഷദൂരം കൂടി പിന്നിട്ടുകഴിഞ്ഞു.
ആയുസ്സിന്റെ പുസ്തകത്താളിൽ കോറിയിടാൻ
ഒരു സംവത്സരം എന്നതിൽ കവിഞ്ഞ്
എന്തെങ്കിലും നന്മ രേഖപ്പെടുത്താൻ ബാക്കിയുണ്ടാവുമോ?

ആലപ്പുഴ തുറവൂരുകാരൻ ഭാസ്കരൻ നായർക്ക് കിട്ടുന്ന പരിമിതമായ പെൻഷനിൽ നിന്നും അയാൾ ഭിന്നശേഷിക്കാരായ മറ്റ് ആറുപേർക്ക് 1000 രൂപ വീതം എല്ലാ മാസവും പെൻഷൻ നൽകുന്നു. ഇത്തരം കരുണവറ്റാത്ത മനസ്സുകളാണ് നമ്മുടെ സംവത്സരത്തെ ദീർഘമാക്കുന്നത്. 2022 ജനുവരിമാസം ഒരു പുതിയ തുറവിയുടേതാണ്. മടക്കയാത്രയ്ക്കുള്ള വഴിയേ നമുക്കു പോകാം.

നാം മറന്നുകളഞ്ഞ ദൈവിക ഭവനത്തിലേക്ക്...

ആരാധനയുടെ, സ്തോത്രത്തിന്റെ, സംഗീതത്തിന്റെ, മറന്നുപോയ പ്രാർത്ഥനയുടെ, നാളുകളിലേക്ക്, നന്മനിറയുന്ന കർമ്മ മണ്ഡലങ്ങളിലേക്ക് നമുക്ക് മടങ്ങാം.

എല്ലാവർക്കും പുതുവത്സരാശംസകൾ

സ്നേഹാദരവുകളോടെ

**എഡിറ്റർ**

EDI
TOR
IAL






**റൈറ്റ് റവ. വി. എസ്. ഫ്രാൻസിസ് ബിഷപ്പ്**
സി.എസ്.ഐ. ഈസ്റ്റ് കേരള മഹായിടവക

***'ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ..... പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുത്തേണമേ'. വിലാ. 5:21'***

പുതുവർഷത്തെ വളരെ പ്രതീക്ഷയോടെ നാം കാത്തിരിക്കുന്നു. ഭൂമി തന്റെ ഭ്രമണപഥത്തിൽ ഒരുവട്ടം കൂടി ഭ്രമണം പൂർത്തീകരിച്ച് അടുത്ത യാത്രയ്ക്ക് ഒരുങ്ങിയിരിക്കുന്നു. ഈ ഭ്രമണം ഒരു ആവർത്തനമാണ്. ദൈവ നിശ്ചയപ്രകാരമുള്ള ഒരു ആവർത്തനം. ഇങ്ങനെ ചിന്തിക്കുമ്പോൾ തന്നെ ഇതൊരു യാത്രയും കൂടിയാണ്, മുന്നോട്ടുള്ള സഞ്ചാരമാണ്. കാലം മുന്നോട്ടു പോകുന്നു. ഓരോ വർഷവും പുതിയതാണ്. അതുപോലെ ഓരോ ദിവസവും മണിക്കൂറും പുതിയതാണ്. വർത്തമാനകാലത്തെ ഭൂതകാലവുമായി താരതമ്യപ്പെടുത്തിയാണ് നാ വിലയിരുത്തലുകൾ നടത്തുന്നത്. അങ്ങനെ പലപ്പോഴും നമുക്ക് കഴിഞ്ഞ കാലങ്ങൾ നല്ലതായി തോന്നിപ്പോകുന്നു. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു; അതായത് കഴിഞ്ഞ കാലത്തെ ചില നല്ലകാര്യങ്ങൾ അഥവാ നന്മകൾ ഇക്കാലത്ത് കാണുന്നില്ലായെന്നുള്ളതാണ്. അതുപോലെ തന്നെ ഇക്കാലത്ത് കാണുന്ന പല ദോഷങ്ങളും കഴിഞ്ഞകാലത്ത് മനുഷ്യരിൽ കണ്ടിരുന്നില്ലായെന്നുള്ളതും ശ്രദ്ധേയമാണ്.



# പുതുവർഷത്തിൽ നന്മയെ മുറുകെ പിടിക്കുക തിന്മയെ തള്ളിമാറ്റുക

നന്മയായിട്ടുള്ളതും നല്ലതായിട്ടുള്ളതും എല്ലാ കാലത്തും മനുഷ്യൻ ആഗ്രഹിക്കുന്നു. എന്നാൽ നന്മയ്ക്കായും നല്ലതിനായും നാം പരിശ്രമിക്കുന്നില്ല. നമ്മുടെ നന്മയ്ക്കായിട്ടും നല്ലതിനായിട്ടുമുള്ള പരിശ്രമങ്ങളിൽ മറ്റുള്ളവരെ ശ്രദ്ധിക്കാതെ പോകുന്നു. അത് സമൂഹത്തിൽ കുടുംബത്തിൽ പോലും അസ്വസ്ഥതകൾ ഉണ്ടാക്കുന്നു. ഒരു മനുഷ്യൻ തന്റെ മാത്രം നന്മയും ഇഷ്ടവും സന്തോഷവും ലക്ഷ്യം വച്ചു പ്രവർത്തിക്കുമ്പോൾ അവൻ സ്വയത്തിലേക്കാണ് തിരിയുന്നത്. അവന്റെ മുമ്പിൽ അവനല്ലാതെ ആരുമില്ല. അവന്റെ ഇച്ഛാനിവൃത്തിക്കായി എന്തും ചെയ്യും. ബന്ധങ്ങളും മൂല്യങ്ങളും സാന്മാർഗ്ഗികതയും ഒന്നും അവന്റെ മുമ്പിൽ വിലയില്ലാത്തതായി തീരും. ഇങ്ങനെ ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരും വർദ്ധിക്കുമ്പോൾ സമൂഹത്തിലും കുടുംബങ്ങളിലും പ്രശ്നങ്ങളും വർദ്ധിക്കുന്നു. നാം ജീവിക്കുന്ന ഈ കാലം - ആധുനിക കാലം വളരെ പുരോഗതി പ്രാപിച്ചു കൊണ്ടിരിക്കുന്നതാണെങ്കിലും മേൽപ്പറഞ്ഞ രീതിയിലുള്ള മനുഷ്യരുടെ വർദ്ധനവ് മൂലം സമാധാനമില്ലാത്തതും പ്രശ്നസങ്കീർണ്ണവുമാണ്. സന്മാർഗ്ഗീകതയും മൂല്യങ്ങളും സ്വാതന്ത്ര്യവും വിശ്വാസങ്ങളും എല്ലാം അവനവന്റെ സൗകര്യങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കപ്പെടുന്ന കാലമാണ് വർത്തമാനകാലം. പഴയകാലത്ത് ഇന്നത്തെക്കാൾ സമാധാനവും സന്തോഷവും ഉണ്ടായിരുന്നു എന്ന് ഇപ്പോൾ നമുക്ക് തോന്നുന്നതിനാൽ പഴയകാലം. തിരികെ വന്നിരുന്നു എങ്കിൽ എന്ന് നാം വളരെ ആഗ്രഹിച്ചു പോകുന്നു.

എന്താണ് ഇക്കാലത്തിന്റെ - നമ്മുടെ പ്രശ്നം? ഇത്രയും പുരോഗതി പ്രാപിച്ച, സൂര്യനിലേക്ക് കൂടി ലക്ഷ്യം വച്ച് പരീക്ഷണങ്ങൾ നടത്തുന്ന ഈ ആധുനിക ലോകത്തേക്കാൾ പഴയ കാലങ്ങൾ നമ്മെ സ്വാധീനിക്കുന്നു എങ്കിൽ എന്തായിരിക്കാം കാരണം? ആധുനികതയുടെ നേട്ടങ്ങളും സാദ്ധ്യതകളും ഉപയോഗപ്പെടുത്തുന്നതിൽ നമുക്ക് എന്തെങ്കിലും പിഴവുകൾ വന്നിട്ടുണ്ടോ? വി. വേദപുസ്തകത്തിൽ ദൈവജനത്തിന് സംഭവിച്ച അധപതനത്തിൽ നിന്നും മോചനം പ്രാപിക്കുവാൻ വേണ്ടി പ്രവാചകൻ ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ വിലാപങ്ങൾ 5:21-ൽ എപ്രകാരമുള്ള അവസ്ഥയിലേക്കാണ് ആക്കിത്തീർക്കേണ്ടത് എന്ന് എടുത്തു പറയുന്നു. 'പണ്ടത്തെപ്പോലെ ഒരു നല്ലകാലം' എന്നാണ് പ്രാർത്ഥന. പണ്ടത്തെ നല്ലകാലത്തിന്റെ പ്രത്യേകത നോക്കുമ്പോൾ അന്ന് യഹോവയായ ദൈവവും ദൈവത്തിന്റെ കല്പനകളും ആയിരുന്നു ദൈവജനത്തിന്റെ ശ്രദ്ധാകേന്ദ്രം. രാജ്ഞിയും രാജാവും ഭരണാധിപന്മാരും പുരോഹിതന്മാരും ജനങ്ങളും അനുസരിച്ചിരുന്നത് ദൈവത്തിന്റെ കല്പനകൾ ആയിരുന്നു. അവരുടെ എല്ലാവരുടെയും ഏകലക്ഷ്യം അനുസരണവും ദൈവപ്രസാദവുമായിരുന്നു. ഇതിന്റെയെല്ലാം അനന്തരഫലമായി രാജാവും ജനങ്ങളും എല്ലാവിധത്തിൽ അനുഗ്രഹിക്കപ്പെട്ടിരുന്നു. ദേശത്ത് സമാധാനവും ഐശ്വര്യവുമുണ്ടായിരുന്നു. സന്തോഷവും പരസ്പര ബഹുമാനവും കളിയാടിയിരുന്നു. ദേശത്തിലെ ദുഷ്ടന്മാരെ രാവിലെ തോറും നശിപ്പിക്കുന്ന ഭരണകർത്താക്കൾ ഉണ്ടായിരുന്നു. ആരാധനകളും ഉത്സവങ്ങളും സമർപ്പണങ്ങളും വളരെ ഭക്ത്യാദരപൂർവ്വം നടത്തപ്പെട്ടിരുന്നു. അനാഥരും വിധവമാരും സംരക്ഷിക്കപ്പെട്ടിരുന്നു. മാതാപിതാക്കൾക്ക് ഭവനത്തിലും വയോധികർക്ക് പൊതുസ്ഥലങ്ങളിലും ബഹുമാനവും പരിഗണനയും ലഭിച്ചിരുന്നു. ചില കാര്യങ്ങൾ നിർബന്ധമായും ചെയ്യണമെന്നും ചില കാര്യങ്ങൾ നിർബന്ധമായും ചെയ്യരുത് എന്നും നിഷ്കർഷിച്ചിരുന്നു. പഠിപ്പിച്ചിരുന്നു. എന്തൊരു നല്ല കാലമായിരുന്നു അത്. പ്രവാചകൻ നോക്കുമ്പോൾ ഇക്കാലത്ത് ഇവയൊന്നും കാണ്മാനില്ലായെന്ന് മാത്രമല്ല; ഇതിനെല്ലാം വിപരീതമായ കാര്യങ്ങൾ വർദ്ധിച്ചുവരികയും ചെയ്തിരിക്കുന്നു. തിന്മ വളരുകയാണ്. നന്മ ഇല്ലാതായിരിക്കുന്നു. സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരിക്കുന്നു. നന്മയുടെയും സമൃദ്ധിയുടെയും ദൈവവിശ്വാസത്തിന്റെയും അടയാളങ്ങൾ പോലും തകർക്കപ്പെട്ടിരിക്കുന്നു. ഇത് പ്രവാചകന് സഹിക്കാവുന്നതിലും അപ്പുറമാണ്. അതുകൊണ്ടാണ് പ്രവാചകൻ പ്രാർത്ഥിക്കുന്നത് 'ദൈവമേ, പണ്ടത്തെപ്പോലെ ഒരു നല്ലകാലം ഞങ്ങൾക്ക് തരേണമേ' എന്ന്.

നമ്മുടെ ചുറ്റുപാടുകളിലേക്കും ലോകത്താകമാനമായും നാം നോക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു; അത് മറ്റൊന്നുമല്ല, നന്മതിന്മകളുടെ ഏറ്റുമുട്ടലിൽ തിന്മശക്തി പ്രാപിക്കുന്നു എന്നുള്ളതാണ്. നന്മയും നന്മയും തമ്മിൽ ഏറ്റുമുട്ടാറില്ല. തിന്മയും തിന്മയും നന്മയും തിന്മയും തമ്മിലുമാണ് ഏറ്റുമുട്ടൽ ഉണ്ടാകുന്നത്. ഇത് നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. വിശുദ്ധനായ പൗലോസ് ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്; നന്മചെയ്യണമെന്നുള്ള ആഗ്രഹം എനിക്കുണ്ട് അത് പ്രവൃത്തിയിൽ വരുമ്പോൾ തിന്മയായിത്തീരുന്നു. നന്മ ചെയ്യുവാൻ ആഗ്രഹിക്കുന്ന എന്നെക്കൊണ്ട് തിന്മ ചെയ്യിക്കുന്നത് എന്നിൽ വസിക്കുന്ന പാപം ആണ്. ഇവിടെ ശ്രദ്ധേയമായ സംഗതി നന്മയും തിന്മയും എന്നിൽ - ഞാൻ എന്ന ഒറ്റ മനുഷ്യനിൽ തന്നെ ഉണ്ട്. എന്നിൽ അത് വസിക്കുന്നു എന്നുള്ളതാണ്. അപ്പോൾ യഥാർത്ഥത്തിൽ പ്രശ്നങ്ങൾ ആരംഭിക്കുന്നത് നമ്മിൽത്തന്നെയാണ്. ഏറ്റുമുട്ടൽ നമ്മുടെ ഉള്ളിൽത്തന്നെയാണ് നടക്കുന്നത്. അസമാധാനവും അസന്തുഷ്ടിയും

നമ്മുടെ ഉള്ളിൽ തന്നെയാണ് ഉള്ളത്, ജന്മം എടുക്കുന്നത്. നന്മയും തിന്മയും തമ്മിൽ നമ്മുടെ ഉള്ളിൽ ഏറ്റുമുട്ടുന്നു. ഇത് നിരന്തരമായി നടന്നുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ ഏറ്റുമുട്ടലിൽ നന്മ ജയിച്ചു നിൽക്കുമ്പോൾ നാം നല്ലവരായി കാണപ്പെടും; തിന്മ ജയിച്ചു നിൽക്കുമ്പോൾ നാം ദുഷ്ടമനുഷ്യരായിത്തീരും.

നാം ജീവിക്കുന്ന ഈ ആധുനിക കാലത്തിന്റെ കണ്ടുപിടിത്തങ്ങളും നേട്ടങ്ങളും സാദ്ധ്യതകളും എല്ലാം നമ്മെ നിരന്തരം സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. നമ്മെ സ്വാധീനിക്കുന്നു എന്നു പറഞ്ഞാൽ നമ്മിലെ തിന്മയെയും നന്മയെയും സ്വാധീനിക്കുന്നു എന്നർത്ഥം. കാലഭേദമില്ലാതെ നാം കേൾക്കുകയും കാണുകയും അറിയുകയും മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളും അനുഭവങ്ങളും ഒന്നുകിൽ നമ്മിലെ നന്മവശത്തെ പ്രോത്സാഹിപ്പിക്കും അല്ലെങ്കിൽ നമ്മിലെ തിന്മവശത്തെ പ്രോത്സാഹിപ്പിക്കും. ഇവിടെ ഇക്കാലത്ത് മാത്രമല്ല എല്ലാക്കാലത്തും നമ്മിലെ നന്മയുടെ പ്രോത്സാഹനവും തിന്മയുടെ നിരുത്സാഹവും നിർബന്ധമായും നടത്തപ്പെടണം. അതിനായിട്ടുള്ള ഒരു ശ്രദ്ധ നമുക്കുണ്ടായിരിക്കണം.

പഴയകാലങ്ങളിൽ ലോകത്തിൽ എവിടെയെങ്കിലും ഒരു സംഭവം നടന്നാൽ വളരെ നാളുകൾക്ക് ശേഷമായിരുന്നു മറ്റു സ്ഥലങ്ങളിൽ അക്കാര്യം അറിഞ്ഞിരുന്നത്. ഇന്ന് ഏതാനും മിനിറ്റുകൾക്കകം അക്കാര്യം ലോകം മുഴുവൻ അറിയുവാൻ സാധിക്കും. ആധുനികലോകം അത്രമാത്രം പുരോഗതി പ്രാപിച്ചിട്ടുണ്ട്; ഇത് നല്ലതുതന്നെ. സന്ദേശങ്ങൾ കൈമാറുന്നതിലും യാത്രകാര്യങ്ങളിലും നേരിൽ കണ്ടുകൊണ്ട് സംസാരിക്കുന്നതിലും മീറ്റിംഗുകൾ നടത്തുന്നതിനും പ്രഭാഷണങ്ങൾ ചെയ്യുന്നതിനും പണം കൈമാറ്റത്തിനും എല്ലാം പുതിയ സാദ്ധ്യതകൾ ഉണ്ടായിരിക്കുന്നു; നാം അത് ഉപയോഗിക്കുകയും ചെയ്യുന്നു.


അറിവുകൾ കൈമാറ്റം ചെയ്യപ്പെടുന്നതിൽ നല്ലതേതെന്നും അല്ലാത്തവ ഏതെന്നും തിരിച്ചറിയുകയാണ് വേണ്ടത്. പണത്തിനുവേണ്ടി എന്തും പറയുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്ന പ്രവണത ഏറെയാണ് ഇക്കാലത്ത്. നാണവും മാനവും സത്യവും വിശ്വാസവും എല്ലാം പണത്തിനുവേണ്ടി മാറ്റപ്പെട്ടിരിക്കുന്നു. നല്ല അറിവുകൾ നമ്മിലെ നന്മയെയും അല്ലാത്ത അറിവുകൾ നമ്മിലെ തിന്മയെയും പ്രോത്സാഹിപ്പിക്കും വളർത്തും. നന്മയിൽ മായം ചേർത്ത് തിന്മയിലേക്ക് മനുഷ്യനെ കൊണ്ടുപോകുന്ന കാഴ്ച ഇന്നിന്റെ പ്രത്യേകതയാണ്. ഏത് കാര്യം ചെയ്യുമ്പോഴും തന്റെ സ്വന്തം ഇഷ്ടം മാത്രം നോക്കുന്ന രീതി ഇക്കാലത്ത് അധികമാണ്. പഴയ കാലങ്ങളിൽ ഒരു പരിധിവരെ പരസ്പര സഹായമില്ലാതെ ജീവിക്കുവാൻ സാധിക്കുമായിരുന്നില്ല. അതുകൊണ്ട് ഓരോ കാര്യങ്ങൾ ചെയ്യുമ്പോഴും മറ്റുള്ളവരെക്കൂടി പരിഗണിച്ചിരുന്നു. അഥവാ മറ്റുള്ളവർക്ക് ദോഷം വരാതെ ശ്രദ്ധിക്കുമായിരുന്നു. ഇന്ന് മറ്റുള്ളവർക്ക് എന്ത് സംഭവിക്കുന്നു എന്നുള്ളത് പ്രശ്നമാക്കുന്നില്ല; അവനവന്റെ ഇഷ്ടം മാത്രം നോക്കുന്നു.

നന്മയുടെ പ്രഘോഷണം കുറയുകയും നന്മയിൽ മായം ചേർക്കുകയും ചെയ്യുന്നത് മൂലം തിന്മ സമൂഹത്തിൽ (നമ്മിൽ) പിടിമുറുക്കിയിരിക്കുന്നു. വളർച്ച പ്രാപിച്ചിരിക്കുന്നു. ഇവിടെ പ്രവാചകന്റെ പ്രാർത്ഥനയുടെ ചുരുക്കം ശ്രദ്ധേയമാണ്. പണ്ടത്തെക്കാലത്തെ ഒരു നല്ലകാലമായി പ്രവാചകൻ പറയുമ്പോൾ അതിന് കാരണം ദൈവമാണെന്നും പ്രവാചകൻ ഉറപ്പിച്ചു പറയുന്നു. നല്ലകാലത്തേയ്ക്ക് മടങ്ങി വരണമെന്ന് ആഗ്രഹിക്കുമ്പോൾ മടക്കി വരുത്തേണ്ടത് ദൈവമാണെന്നുകൂടി പ്രവാചകൻ ഉറച്ചു വിശ്വസിക്കുന്നു; അതിനായി പ്രാർത്ഥിക്കുന്നു. അതായത് ഏത് കാലവും നല്ലകാലമായിത്തീരുന്നത് അതാത് കാലത്തുള്ള ജനങ്ങളുടെ ദൈവവുമായിട്ടുള്ള നല്ല ബന്ധത്തിന്റെ അനന്തരഫലമായിട്ടാണ്. പണ്ടുകാലത്തെ നല്ല മനുഷ്യരെപ്പോലെ, ഇക്കാലത്തെ ഒരു നല്ല മനുഷ്യനായി നമുക്ക് തീരാം. ദൈവം അല്ലാതെ നല്ലവൻ ആരുമില്ലായെന്ന് തിരുവചനം അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. അപ്പോൾ നാം ദൈവത്തോട് ചേർന്ന് നിൽക്കേണ്ടത് അത്യാവശ്യമാണ്. കാലാനുശ്രിതമായി മനുഷ്യരുടെ ഉള്ളിലെ നന്മവശത്തെ പ്രോത്സാഹിപ്പിക്കുവാനും തിന്മയെ നിരുത്സാഹപ്പെടുത്തുവാനുമുള്ള ഉത്തരവാദിത്വം ഓരോ ക്രിസ്ത്യാനിക്കുമുണ്ട്. സന്നദ്ധ സുവിശേഷക സംഘാംഗങ്ങൾക്കും ഉണ്ട്. നമ്മിലേക്കും മറ്റുള്ളവരിലേക്കും നന്മയെ പരമാവധി ദൈവസഹായത്തിൽ പ്രോത്സാഹിപ്പിക്കും എന്ന തീരുമാനത്തോടെ നമുക്ക് പുതുവർഷത്തിലേക്ക് പ്രവേശിക്കാം. തിന്മയെക്കുറിച്ചും അതിന്റെ ദോഷങ്ങളെക്കുറിച്ചും മുന്നറിയിപ്പ് കൊടുക്കുവാനും നന്മയെ പ്രോത്സാഹിപ്പിക്കുവാനും പഠിപ്പിക്കുവാനുമുള്ള ഒരു കാലമാണ് ഇത്. നന്മയുടെ ഉറവിടമാകുന്ന ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് നമ്മിലെ തിന്മയെ സർവ്വശക്തിയുമുപയോഗിച്ച് തള്ളിമാറ്റി പുതുവർഷത്തെ വരവേൽക്കാം. കാലത്തിന് അധിപതിയായവൻ നമ്മെ ശക്തീകരിക്കട്ടെ.



•••പഠനം

# ജീവനിറവുള്ള കൃപയുടെ ചിറകുകൾ



**ഷാജി ജോർജ്**, മാങ്ങാനം

ഭൂതകാലത്തിൽ പ്രഭാവതന്തുക്കളാൽ ഭൂതിമത്തായൊരു ഭാവിയെ രചിയ്ക്കുവാൻ വർത്തമാന കാലത്തിന്റെ ജീവനിറവുള്ള കൃപയുടെ ചിറകുകളുമായി പുതുവത്സരഭാസുരവിഹായസിലേക്ക് കുതിക്കുവാൻ എല്ലാവരും ഒരുങ്ങുന്ന കാലഘട്ടമാണിത്. പറക്കുവാൻ ചിറകുകൾ വേണം. എന്നാൽ ചിറകുകൾ ഉണ്ടായതുകൊണ്ട് മാത്രം പറക്കണമെന്നുമില്ല. ചിറകുകൾക്ക് ശക്തിയുണ്ടെങ്കിൽ മാത്രമേ ഉയരങ്ങളിൽ പറക്കുവാൻ കഴിയുകയുള്ളു. ശക്തിയുണ്ടെങ്കിലും പറക്കുവാനുള്ള അവസരങ്ങൾ ഉപയോഗിച്ചില്ലായെങ്കിൽ പറക്കുവാനുള്ള ശേഷി പോലും നഷ്ടപ്പെട്ടുവെന്നു വരാം. മലയാളത്തിൽ മിനിക്കഥകൾ കൊണ്ട് ശ്രദ്ധേയനായ പി. കെ. പാറക്കടവ് എഴുതിയ ഒരു മിനിക്കഥ ഇങ്ങനെയാണ്– "ആകാശം കിളിയോട് പറഞ്ഞു,– "സ്വാതന്ത്ര്യത്തിലേക്കു ചിറകുകൾ വിടർത്തുക." കിളിപ്പറ്റങ്ങളൊന്നായി ആകാശത്തിലേക്ക്. ചിറകുകൾ ഉണ്ടായിട്ടും പറക്കാത്ത കിളികളാണ് അഴികളുള്ള കൂടുകളിലാവുന്നത്". കഥ തീർന്നു. എന്നാൽ ഈ കഥ പങ്കുവെയ്ക്കുന്ന ദർശനങ്ങൾ ചിറകുവിടർത്തി പറന്നുകൊണ്ടിരിക്കുക തന്നെ ചെയ്യും. ഇന്നു മനുഷ്യർ പലരും ചിറകുകൾ ഉണ്ടായിട്ടും പറക്കാത്ത കിളികളെ പോലെയാണ്. സ്വാതന്ത്ര്യത്തിന്റെ വിഹായസിലേക്ക് പറന്നുയരേണ്ടവർ ആരോ തയ്യാറാക്കി വെച്ചിരിക്കുന്ന കൂടുകളിൽ ജീവിതം ജീവിക്കാതെ കഴിഞ്ഞു കൂടുകയാണ്. യുവകവിയായ അമൽ ജോൺ ജേക്കബ് നിരപ്പേൽ എഴുതിയ ഒരു കവിത ഇപ്രകാരമാണ്.

***"ചിറകുകളുണ്ടായിട്ടും***
***നിങ്ങൾ പറക്കാത്തതെന്താണ്?***
***ആരാണ് നിങ്ങളെ***
***കൂട്ടിലടച്ചിടുന്നത്?***
***മേച്ചൽപ്പുറങ്ങളുണ്ടായിട്ടും***
***നിങ്ങൾ മേയാതിരിക്കുന്നതെന്താണ്?***
***ആരാണ് നിങ്ങളെ തൊഴുത്തിൽ***
***കെട്ടിയിട്ടിരിക്കുന്നത്?***
***തൊഴുത്തും മേച്ചിൽപ്പുറങ്ങളും***
***കൂടും വിഹായസും***
***നിങ്ങളുടേതെങ്കിലും***
***കൂട്ടിൽ മാത്രം അകപ്പെടരുത്.***
***തൊഴുത്തിൽ മാത്രം***

*കെട്ടപ്പെടുകയും അരുത്.*

*മേയുക....*

*അനന്തമാണീപുൽപ്പുറങ്ങൾ*

*ചിറകടിച്ചുയരുക........*

*സ്വച്ഛന്ദമാണീ വിഹായസും!"*

ആലോചനാമൃതവും സമുന്നതമായ ഒരു ജീവിത ദർശനമാണ് ഈ യുവ കവി സംവേദനം ചെയ്യുന്നത്. മേയുവാൻ അനന്തമായ പുൽപ്പുറങ്ങൾ ദൈവം സമ്മാനിച്ചിട്ടുണ്ടെങ്കിലും ഏതെങ്കിലും ഒരു കുറ്റിയിൽ കെട്ടപ്പെട്ടതുമൂലം ആ കുറ്റിയടിച്ചതിന്റെ ചുറ്റുവട്ടത്തുമാത്രം മേയുന്ന കന്നുകാലികളെപ്പോലെയാകരുത് മനുഷ്യജീവിതം എന്നോർക്കുവാൻ നാം എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. സ്വച്ഛന്ദമായ വിഹായസ് മുകളിൽ ഉണ്ടെങ്കിലും അവിടേക്കു പറന്നുയരുവാൻ ചിറകുകളുണ്ടെങ്കിലും ഏതെങ്കിലുമൊരു കൂടിന്റെ അലസതാവിലസിതമായ അന്തരീക്ഷത്തിൽ തൃപ്തിപ്പെട്ടു കഴിയുന്ന പക്ഷികളെപ്പോലെയാകരുത് നമ്മളെന്നും ഈ കവിത നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

ഒരിക്കൽ ഒരു കുട്ടിയുടെ ഒരു അദ്ധ്യാപകൻ പക്ഷികൾ പറക്കുന്നത് എങ്ങനെയെന്നു പഠിപ്പിക്കുന്നതിന്റെ ഭാഗമായി ക്ലാസിലെ കുട്ടികളെ കടപ്പുറത്തുകൊണ്ടുപോയി. കടൽപക്ഷികൾ പറക്കുന്നത് എങ്ങനെയെന്ന് അവിടെ പക്ഷികൾ പറക്കുന്നത് നിരീക്ഷിച്ചു മനസ്സിലാക്കാനുള്ള അവസരം ഒരുക്കി. ആ അദ്ധ്യാപകൻ അന്നു പഠിപ്പിച്ചത് പക്ഷികൾ പറക്കുന്നത് എങ്ങനെയെന്നു മാത്രമായിരുന്നില്ല; കുട്ടികളെ അദ്ദേഹം ആഹ്വാനം ചെയ്തത് "കടൽപക്ഷികൾ പറക്കുന്നതുപോലെ കൂടുതൽ ഉയരങ്ങളിലേക്കും ദൂരങ്ങളിലേക്കും പറക്കുവാൻ നിങ്ങൾക്കു ചിറകുകളുണ്ടാവണം" എന്നായിരുന്നു. ആ ക്ലാസിലെ ആ കുട്ടിയെ ആ ആഹ്വാനം വളരെ സ്വാധീനിച്ചു. അങ്ങനെയാണ് ആ കുട്ടി തുടർപഠനത്തിനു ഗ്രാമത്തിന് വെളിയിൽ പോകുവാൻ തീരുമാനിച്ചത്. താൻ വളർന്നുവന്ന ഗ്രാമത്തിനുവെളിയിലേക്കു പഠനത്തിനായി പോകുവാൻ ആ കുട്ടി റെയിൽവേ സ്റ്റേഷനിലെത്തി. ആ കുട്ടിയുടെ പിതാവു കൂടെയുണ്ടായിരുന്നു – യാത്രയാക്കാൻ. അവിടെവെച്ച് ആ പിതാവ് ആ കുട്ടിയോടു പറഞ്ഞു – "ഞങ്ങളുടെ സ്നേഹം നിന്നെ ഈ ഗ്രാമത്തിൽ തളച്ചിടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. നീ ദൂരങ്ങളിലേക്കു പറക്കണം, ഉയരങ്ങളിലേക്കു പറക്കണം." ആ കുട്ടി അങ്ങനെ തന്നെ ഉയർന്നുപറന്നു, ദൂരങ്ങളിലേക്കു പറന്നു. അനന്തമായ വിഹായസും അനന്തമായ പച്ചയായ പുൽപ്പുറങ്ങളുമാണ് നമുക്കു മുന്നിലുള്ളത് എന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചുകൊടുക്കുകയും, സ്വപ്നങ്ങളുടെ ചിറകുകളിൽ സഞ്ചരിക്കുവാൻ ജീവിതാവസാനം വരെയും അനേകരെ പ്രചോദിപ്പിക്കുകയും ചെയ്ത ആ കുട്ടി ഡോ. എ. പി. ജെ. അബ്ദുൾ കലാമായിരുന്നു. സ്വപ്നങ്ങളെ സ്നേഹിക്കുവാൻ നമ്മെ പഠിപ്പിച്ച്, മനുഷ്യഹൃദയങ്ങളിൽ സ്വപ്നം കൊണ്ട് കവിതയെഴുതിയ ഇന്ത്യയുടെ മുൻ പ്രസിഡണ്ട് ഡോ. കലാമിന്റെ പിതാവ് ജൈനുലബ്ദിൻ മകന്റെ ചിറകുകൾക്ക് ഊർജ്ജം പകർന്നു. കടപ്പുറത്തെ ഗുരുനാഥൻ ശിവസുബ്രഹ്മണ്യയ്യർ ആ കുട്ടിയുടെ സ്വപ്നത്തിന് പുതു ചിറകുകൾ സമ്മാനിക്കുകയും ചെയ്തു.

ഉന്നതവിഹായസിലേക്ക് ചിറകു വിടർത്തി പറക്കുവാൻ കൊതിക്കുന്നവർ അനേകരുണ്ട്. എന്നാൽ അങ്ങനെ കൊതിക്കുന്നതും പറക്കുന്നതും ഔന്നത്യങ്ങളിൽ എത്തുന്നതും അഭിനന്ദനീയം തന്നെയാണ്. എന്നാൽ മറ്റു ചിലർ അതുകൊണ്ടുമാത്രം തൃപ്തിപ്പെടുകയില്ല, അവർ മറ്റനേകം പേർക്ക് ചിറകുകളിൽ ഊർജ്ജം പകർന്നുകൊണ്ടിരിക്കും, ഡോ. കലാമിനെപ്പോലെ അനേകായിരങ്ങൾക്ക് അവർ ചിറകുകളായി മാറും. ജീവിതം ധന്യമാകേണ്ടത് ഇപ്രകാരമൊരു മനോഭാവത്തിലൂടെയായിരിക്കണം. തനിക്കെത്രമാത്രം ഉയരാൻ കഴിയും എന്നത് ഓരോ വ്യക്തിയും പരിശ്രമിച്ചറിയേണ്ട കാര്യം തന്നെയാണ്. എന്നാൽ മറ്റുള്ളവർക്കു കൂടി ചിറകുകളായി മാറുവാനും, മറ്റുള്ളവരുടെ ചിറകുകൾക്ക് ബലം പകരുവാനും ദിശാബോധം നൽകുവാനുമാണ് വലിയവനായ ദൈവം തനിക്കു ചിറകുകൾ സമ്മാനിച്ചിരിക്കുന്നത് എന്ന തിരിച്ചറിവോടുകൂടി പ്രവർത്തിക്കുന്നവർ അനുദിനവും ഈ ഭൂമിയിലൂടെ സഞ്ചരിക്കുന്ന സ്വർഗത്തിന്റെ മാലാഖമാരാണ്.

പുതുവത്സരത്തിലേക്ക് പ്രവേശിക്കുമ്പോൾ എന്തായിരിക്കണം നമ്മുടെ സ്വപ്നങ്ങൾ? അനേകർക്ക് സ്വപ്നങ്ങളുടെ ചിറകുകൾ സമ്മാനിക്കുവാനായി നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുമ്പോൾ ഓരോ ദിനവും അർത്ഥവത്താകും. പുതുവത്സരം ഏറെ വിസ്മയകരമാകും. അപ്പൊസ്തോലനായ വിശുദ്ധ പൗലോസ് ആദിമസഭയിൽ ക്രിസ്തുവിനോടുള്ള അപാരമായ സ്നേഹത്തിലും ക്രിസ്തുദർശനങ്ങളിലും അദമ്യമായ സുവിശേഷ തീക്ഷ്ണതയിലും കൂടുതൽ ഉയരങ്ങളിലേക്കും ദൂരങ്ങളിലേക്കും കൃപയുടെ അഗ്നി

ച്ചിറകുകളിൽ പറന്ന സ്വർഗവാതിൽപ്പക്ഷിയാണ്. എന്നാൽ വിശുദ്ധ പൗലോസ് ശ്ലീഹാ പറന്നത് ഒറ്റയ്ക്കായിരുന്നില്ല; അദ്ദേഹം അനേകരെ, അനേകം സഭകളെ ചിറകുകളിൽ വഹിച്ചുകൊണ്ടാണ് പറന്നത്. എന്തിനുവേണ്ടിയാണ് താൻ ജീവിക്കാൻ ആഗ്രഹിക്കുന്നത്? എന്ന് അദ്ദേഹം വളരെ കൃത്യതയോടെയും സൂക്ഷ്മതയോടെയും പരിപൂർണ്ണതയോടെയും വ്യക്തമാക്കുന്നുണ്ട്. "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്കു ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ടു എന്ന് ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം. ഇങ്ങനെ ഉറച്ചുകൊണ്ട് നിങ്ങളുടെ വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും സന്തോഷത്തിനുമായിത്തന്നെ ഞാൻ ജീവനോടിരിക്കും എന്നും നിങ്ങളോട് എല്ലാവരോടുംകൂടെ ഇരിക്കും എന്നും അറിയുന്നു. അങ്ങനെ ഞാൻ നിങ്ങളുടെ അടുക്കൽ മടങ്ങിവരുന്നതിനാൽ എന്നെക്കുറിച്ച് നിങ്ങൾക്കുള്ള പ്രശംസ ക്രിസ്തുയേശുവിൽ വർധിപ്പാൻ ഇടയാകും" (ഫിലിപ്പിയർ: 1:21-26) വി. പൗലോസ് ജീവിക്കാൻ ആഗ്രഹിച്ചത് ക്രിസ്തുവിന്റെ സുവിശേഷത്തിനും ക്രിസ്തുവാകുന്ന സുവിശേഷത്തിനും സാക്ഷ്യം വഹിക്കുവാനാണ്. അനേകരുടെ വിശ്വാസ അഭിവൃദ്ധിക്കുവേണ്ടി, അനേകരുടെ സന്തോഷത്തിനുവേണ്ടി, അവർക്ക് സഖിത്വം കൊടുത്തുകൊണ്ട് അവരോടൊപ്പം ജീവിപ്പാനാണ്. ഇതാണ് ധന്യജീവിതം! എത്ര മഹനീയമായ ജീവിതദർശനം! ക്രിസ്തുവിൽ താൻ അനുഭവിക്കുന്ന ധന്യതയിലേക്ക് അനേകരെ കൂടി കൂട്ടിക്കൊണ്ടുപോകുവാനുള്ള അദമ്യമായ ആവേശമാണ് വി. പൗലോസിനെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. മറ്റുള്ളവരെ കൊച്ചാക്കിയും താഴ്ത്തിക്കെട്ടിയും വ്യക്തിഹത്യ ചെയ്തുമെല്ലാം ജീവിതം ആഘോഷിക്കാൻ ആഗ്രഹിക്കുന്നവർ യഥാർത്ഥത്തിൽ ഈ ഭൂമിയിലെ മരണത്തിന്റെ വ്യാപാരികളും ജീവിച്ചിരിക്കുമ്പോൾത്തന്നെ പാതാളത്തിൽ കിടക്ക വിരിക്കുന്നവരുമാണ്. പേപ്പട്ടി വിഷബാധയേറ്റ ഒരാളെ ഒരിക്കൽ ഒരു ആശുപത്രിയിൽ പ്രവേശിപ്പിച്ചതിനെക്കുറിച്ച് ഒരു കഥയുണ്ട്. പോയിളകുന്നതിന്റെ ലക്ഷണങ്ങൾ തന്റെ ശരിരത്തിൽ പ്രത്യക്ഷപ്പെടുന്നതു കണ്ടുതുടങ്ങിയപ്പോൾ അയാൾ ഒരു കടലാസും പേനയും ആവശ്യപ്പെട്ടു. നേഴ്സ് ഒരു പേനയും കടലാസും അദ്ദേഹത്തിന് നൽകി. അദ്ദേഹം വളരെ തിടുക്കത്തിൽ പലരുടെയും പേരുകൾ കടലാസിൽ എഴുതുന്നത് കണ്ട് നേഴ്സ് ചോദിച്ചു- ഈ പേരുകൾ എന്തിനാണ് എഴുതുന്നത്? കടം വാങ്ങിയത് കൊടുത്തു വീട്ടുവാനുള്ളവരുടെ പേരുകളാണോ? അതോ, വിവരം അറിയിക്കേണ്ടവരുടെ പേരുകളാണോ?. അപ്പോൾ അയാൾ പറഞ്ഞുവത്രെ- "എനിക്ക് പേയിളകുമ്പോൾ കടിക്കാനുള്ളവരുടെ ലിസ്റ്റാണ് തയ്യാറാക്കുന്നത്" എന്ന്. അവസാനനിമിഷം വരെയും, കുരിശിൽകിടന്ന ലോകരക്ഷകനായ ക്രിസ്തുവിനെപ്പോലും പരിഹസിച്ച കള്ളന്റെ കുടുംബയോഗക്കാരാണോ നാം? അതോ, കുരിശിൽ കിടന്ന്, തന്റെ അടുത്തുള്ള കുരിശിൽ കിടക്കുന്ന ലോകരക്ഷകന്റെ രാജത്വം തിരിച്ചറിഞ്ഞ് പ്രഘോഷിച്ച്, ഓർമ്മയിൽ ഇടം ചോദിച്ച്, പറുദീസായിൽ ലോകരക്ഷകനോടൊപ്പം ഇടം കണ്ടെത്തിയ മനുഷ്യന്റെ കുടുംബയോഗക്കാരാണോ?. ശത്രുക്കളുടെ ലിസ്റ്റ് വിപുലീകരിക്കുന്ന നമ്മുടെ ജീവിതമനോഭാവം നമുക്കുപേക്ഷിക്കാം. ആ ലിസ്റ്റ് നമുക്കു ക്രിസ്തുസമക്ഷം കീറിക്കളയാം. നമുക്ക് നമ്മുടെ ജീവിതപുസ്തകത്തിന്റെ ഒരു പുതിയ പേജ് എടുത്ത് എഴുതിത്തുടങ്ങാം- ക്രിസ്തുവിന്റെ ചോരവീണു കുതിർന്ന ജീവിതത്തിന്റെ ആതാളുകളിൽ നാം ചിറകുകൾ നൽകേണ്ടവരുടെ, ചിറകുകൾക്ക് ഊർജ്ജം പകരേണ്ടവരുടെ പുതിയ ലിസ്റ്റ് തയ്യാറാക്കിത്തുടങ്ങാം. അനേകർക്ക് പുതുചൈതന്യം പകർന്നും പുതുചിറകുകൾ സമ്മാനിച്ചും കൃപയുടെ ചിറകുകളുമായി പുതുവത്സരത്തിന്റെ ഹൃദയാരാമങ്ങളിലേക്ക് നമുക്ക് പറന്നുചെല്ലാം.

ജീവനിറവുള്ള കൃപയുടെ ചിറകുകൾ നമ്മിൽ മുളയ്ക്കട്ടെ.

**- പ്രാർത്ഥനകളായ്**

**- താങ്ങായ്**

**- തണലായ്**

**- കരുതലായ്**

സർവ്വകൃപാലുവായ ദൈവം നമ്മുടെ കൂടെയുണ്ട്.

# കഴിഞ്ഞതെല്ലാം മറക്കുക പുതിയ തുടക്കം കുറിക്കുക



Er. **തോമസ് അലക്സാണ്ടർ**
മുഖത്തല

"ഒരിക്കലും പിന്തിരിഞ്ഞു നോക്കാതെ ധീരതയോടെ മുന്നോട്ടു പോവുകയും കാർമേഘങ്ങൾ അപ്രത്യക്ഷമാകുമെന്ന് വിശ്വസിക്കുകയും നീതി പരാജയപ്പെട്ടാലും അനീതി വിജയിക്കുമെന്നു വിചാരിക്കാതിരിക്കുകയും, വീഴുന്നത് എഴുന്നേൽക്കാനാണെന്നും, ഉറങ്ങുന്നത് ഉണരാനാണെന്നും, തോൽക്കുന്നത് ജയിക്കാനാണെന്നും വിശ്വസിക്കുകയും ചെയ്യുന്നവനാണ് ആദർശ പുരുഷൻ". -ബ്രൗണിംഗ്

ലോകപ്രശസ്ത മനഃശാസ്ത്രജ്ഞനായ ഡോ. വില്യം ഫ്രാങ്കിൾ, രണ്ടാം ലോക മഹായുദ്ധകാലത്ത്, ജർമ്മനിയിലെ നാസി ക്യാമ്പിൽ കിടന്നു കഷ്ടത അനുഭവിച്ച ആളാണ്. പലതവണ വധശിക്ഷയെ അതിജീവിച്ച അദ്ദേഹത്തോട് സഹതടവുകാർ സദാ പറയുന്ന ഒരു കാര്യം ഉണ്ടായിരുന്നു: 'ഞങ്ങൾ – ജീവിതത്തിൽ നിന്ന് ഇനിയൊന്നും പ്രതീക്ഷിക്കുന്നില്ല'. അപ്പോഴൊക്കെ ഡോ. വില്യം അവരോട് ഇങ്ങനെ പറയുമായിരുന്നു: 'ജീവിതം നിങ്ങളിൽ നിന്ന് ചിലതൊക്കെ പ്രതീക്ഷിക്കുന്നുണ്ട്'. ഓരോ വ്യക്തിയിൽ നിന്നും ജീവിതം ചില സംഭാവനകൾ ആവശ്യപ്പെടുന്നു. അത് കണ്ടെത്തേണ്ടത് ഓരോ വ്യക്തിയുമാണ്'.

ഇന്നലെകളുടെ പരാജയങ്ങളിൽ, വേദനകളിൽ മനംനൊന്ത്, നിരാശരായി, നിഷ്ക്രിയരായി, ജീവിതം നഷ്ടപ്പെടുത്തുവാനല്ല, ഓരോ വ്യക്തിയെക്കുറിച്ചും ദൈവം ആഗ്രഹിക്കുന്നത്. പിന്നെയോ, ഒരു ഫീനിക്സ് പക്ഷിയെപ്പോലെ, സ്വന്തം ചിതയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ്, ഭൂമിയിൽ നന്മയുടെ പ്രകാശം ചൊരിയുന്ന മിന്നാമിനുങ്ങുകളായി ശോഭിക്കണം എന്നത്രേ മലയാളത്തിന്റെ പ്രശസ്ത കവി ഒ.എൻ.വി. കുറിപ്പിന്റെ വരികൾ ശ്രദ്ധേയമാണ്:



***'ചിതയിൽ നിന്നു ഞാനുയിർത്തെഴുന്നേൽക്കും ചിറകുകൾ പൂ പോൽ വിടർന്നെഴുന്നേൽക്കും'***

ഇന്നലെയുടെ ആധിപത്യമോ നാളെയുടെ അതിപ്ര സരമോ ഇന്നിന്റെ പ്രസക്തിയെ നഷ്ടപ്പെടുത്തരുത്. എന്നാൽ, ഭൂതകാലത്തിന്റെ അനുഭവസമ്പത്തും ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങളും വർത്തമാനകാ ലത്തെ പ്രചോദിപ്പിക്കേണ്ടതുണ്ട്. ഇന്നിന്റെ ചല നാത്മകതയാണ്, പ്രകാശപൂർണ്ണമായ നാളയെ സൃഷ്ടിക്കുന്നത്.

ഒരു റോമൻ കത്തോലിക്കാ ആശ്രമത്തിലെ, ഭക്ഷണശാലയുടെ പ്രവേശന കവാടത്തിനു മുക ളിലായി എഴുതി വച്ചിരിക്കുന്നത് ഇപ്രകാരമാണ്.

"Yesterday is dead; forget it;
Tomorrow doesn't exist; don't worry about it;
Today is there; use it;
Eternity is ahead; think of it'

'വർത്തമാനകാലത്തെക്കുറിച്ച് ചിന്തിക്കുകയും ഉപ യോഗപ്പെടുത്തുകയും ചെയ്യുക. ഭാവിയും ഭൂതവും സ്വയമേവ നോക്കിക്കൊള്ളും'. 'Mind the present and make full use of it; the past and the future automatically take one of themselves'.

'മെൻലോ പാർക്കിലെ മാന്ത്രികൻ' എന്നറിയപ്പെ ടുന്ന, തോമസ് ആൽവാ എഡിസൺ, ദുരിതങ്ങ ളിൽ നിന്നും വിജയത്തിലേക്ക്, ധൈര്യസമേതം ഉയർന്നുവന്ന മഹാനാണ്. ഒരിക്കൽ അദ്ദേഹ ത്തിന്റെ പരീക്ഷണശാലയും അതിലെ ഉപകരണ ങ്ങളും അഗ്നിക്കിരയായി. ആ സമയം തന്റെ മകൻ ചാൾസിനെ വിളിച്ച്, അദ്ദേഹം പറഞ്ഞതിപ്രകാര മാണ്: 'ചാൾസ്, നിന്റെ അമ്മയെ വിളിച്ചു കൊണ്ടു വരിക. ഇതുപോലെയൊന്ന് അവളുടെ ജീവിത ത്തിൽ, ഇനി കാണുവാൻ കഴിഞ്ഞെന്നു വരികയില്ല'. അടുത്ത ദിവസം പരീക്ഷണശാലയുടെ എരിഞ്ഞട ങ്ങിയ ചാമ്പലിനു മുകളിൽ നിന്നുകൊണ്ട് അദ്ദേഹം ലോകത്തോടായി വിളിച്ചു പറഞ്ഞു: 'There is great value in disaster; All our mistakes are burned up; Thank God; We can start a new'. 'ഈ ദുരന്തങ്ങളിൽ നിന്നും ഒരു വിലപ്പെട്ട കാര്യം ഞാൻ കണ്ടെത്തിയിരിക്കുന്നു. എന്റെ എല്ലാ കുറവുകളും പിഴവുകളും കത്തിയെ രിഞ്ഞുപോയി. പഴയതെല്ലാം മറന്ന്, പുതുതായി ഒന്ന് എനിക്ക് ആരംഭിക്കാമല്ലോ; ദൈവത്തിന് ന ന്ദി'. കൃത്യം മൂന്നാഴ്ച കഴിഞ്ഞപ്പോൾ, എഡിസൺ ഫോണോഗ്രാഫ് കണ്ടുപിടിച്ചു.

പ്രശസ്ത മനഃശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ, അമേരിക്കയിൽ പ്രവർത്തനം ആരം ഭിച്ച ഗവേഷണ സ്ഥാപനത്തിന് ആവശ്യമായ സജ്ജീകരണമാരാഞ്ഞപ്പോൾ പറഞ്ഞതിങ്ങനെ യാണ്: 'ഒരു ബ്ലാക്ക് ബോർഡ്, കുറെ കസേരകൾ, കടലാസുകൾ, ചോക്കുകൾ, പെൻസിലുകൾ, അതി ലേറെ ആവശ്യം ഒരു വലിയ ചവറ്റുകൊട്ടയും'.

> “
>
> **ഇന്നലെയുടെ ആധിപത്യമോ നാളെയുടെ അതിപ്രസരമോ ഇന്നിന്റെ പ്രസക്തിയെ നഷ്ടപ്പെടുത്തരുത്. എന്നാൽ, ഭൂതകാലത്തിന്റെ അനുഭവസമ്പത്തും ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങളും വർത്തമാനകാലത്തെ പ്രചോദിപ്പിക്കേണ്ടതുണ്ട്. ഇന്നിന്റെ ചലനാത്മകതയാണ്, പ്രകാശപൂർണ്ണമായ നാളയെ സൃഷ്ടിക്കുന്നത്.**

'വലിയ ചവറ്റു കൊട്ടയോ!' എന്ന് ഒരാൾ ചോദിച്ച പ്പോൾ ഐൻസ്റ്റീൻ പറഞ്ഞത്: 'എനിക്ക് ഒട്ടേറെ തെറ്റുകൾ പറ്റു; അതുകൊണ്ടുതന്നെ' എന്നാണ്.

മനഃശാസ്ത്രജ്ഞനായ സ്റ്റേക്കലിന്റെ അഭിപ്രായ ത്തിൽ, വിജയകരമായ ജീവിതം കെട്ടുപണി ചെയ്യു ന്നതിന് പ്രധാനമായും വേണ്ടത് മൂന്നു കാര്യങ്ങ ളാണ്: 'ഭൂതകാലത്തെ കീഴടക്കുക, ഭാവികാലത്തെ ആസൂത്രണം ചെയ്യുക, വർത്തമാനകാലത്തെ ഉപ യോഗപ്പെടുത്തുക' എന്നിവയാണവ. അതേ, അതു തന്നെ നമുക്കു ചെയ്യാം.

ഒന്നും ചെയ്യാത്തവർക്കാണ് ഒരു തെറ്റും പറ്റാത്തത്. എന്തെങ്കിലും ചെയ്യുന്നവർക്ക് എവിടെയെങ്കിലും ഏതിലെങ്കിലും എപ്പോഴെങ്കിലും തെറ്റുകൾ പറ്റും. അത് മനുഷ്യസഹജമാണ്. എന്നാൽ ആ തെറ്റുകൾ ആവർത്തിക്കുന്നതും അതിൽ തന്നെ തുടരുന്നതു മാണ് വലിയ തെറ്റ്. ഹ്യൂബർഡ് എന്ന മഹാൻ പറ യുന്നതും അതുതന്നെയാണ്: 'തെറ്റ് പറ്റിയിട്ടും ആ അനുഭവത്തിൽ നിന്ന് ശരിയായ പാഠം പഠിക്കു വാൻ കഴിയാത്തതാണ് തോൽവി'. 'Live your best, think your best and act your best today: because today is

the true preparation for tomorrow and all other that follow'. (ഹാരിയറ്റ് മാർട്ടീനിയോ).

ഏതു സങ്കടത്തിലും 'എല്ലാം ശരിയാകും' എന്നുള്ള വിശ്വാസമാണ്, പ്രതീക്ഷയാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്. നന്നായി ചിന്തിക്കുവാനും ക്ഷമയോടെ പ്രവർത്തിക്കുവാനുമുള്ള മനസ്സുണ്ടെങ്കിൽ, ഏതു സാഹചര്യത്തെയും നമുക്ക് അതിജീവിക്കുവാൻ കഴിയും. 'ഒരു തൂവൽ കൊഴിഞ്ഞുപോയെന്ന് കരുതി, ഒരു പക്ഷിയും പറന്നുയരാതിരുന്നിട്ടില്ല'. ജീവിതവും അതുപോലെയാണ്. തോൽവികളിൽ, കഷ്ടതകളിൽ, ബുദ്ധിമുട്ടുകളിൽ, രോഗങ്ങളിൽ, പ്രകൃതി ദുരന്തങ്ങളിൽ, മഹാമാരിയിൽ തളരാതെ, മുന്നോട്ടു മാത്രം ചിന്തിച്ച്, 'സർവ്വശക്തനായ ദൈവം ഒരിക്കലും കൈവിടുകയില്ല' എന്ന് ഉറച്ചു വിശ്വസിച്ച്, ദൈവത്തിലാശ്രയം വെച്ച് മുന്നേറുക. 'ജീവിതത്തിലെ എല്ലാ കൊടുങ്കാറ്റുകളും നമ്മെ തളർത്തുവാനുള്ളതല്ല; ചിലത് മുന്നോട്ടുള്ള വാതിൽ മലർക്കെ തുറക്കാനുള്ളതാണ്'.

ഓരോ പുതുവത്സരവും അനന്തമായ സാധ്യതകൾ നമ്മുടെ മുമ്പിൽ തുറന്നിടുന്നു. സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാനാകണം. ദൈവം നടത്തിയ വിധങ്ങൾ, വഴികൾ ഒരിക്കലും നാം മറക്കുവാൻ പാടുള്ളതല്ല. 'നിന്നതല്ല നാം, ദൈവം നമ്മെ നിർത്തിയതാണ്; നേടിയതല്ല, ദൈവമെല്ലാം തന്നതാണ്' എന്ന ചിന്ത എപ്പോഴും ഉണ്ടാകണം. 'ഇത്രത്തോളം ജയം തന്ന, ഇതുവരെ കരുതിയ' ദൈവത്തോട് നാം എന്നും നന്ദിയുള്ളവരാകണം. മാറ്റം വരുത്തണം നമ്മിലും നാം ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിലും; സഭയിലും നാം ഉൾപ്പെട്ടു നിൽക്കുന്ന സാഹചര്യങ്ങളിലും. 'We must be the change we want to see in this world'

പുതുവത്സരത്തിലേക്ക് ചില ഉറച്ച തീരുമാനങ്ങളോടെ, ദൈവകരങ്ങളിൽ നമ്മെത്തന്നെ ഭരമേൽപിച്ച്, പ്രവേശിക്കാം. ആഡംബരഭ്രമം കുറയ്ക്കാം; മിതവ്യയം ശീലിക്കാം; സാമ്പത്തിക അച്ചടക്കം പാലിക്കാം; ആരെയും ശല്യപ്പെടുത്താതിരിക്കാം; വേദനിപ്പിക്കാതിരിക്കാം; ആവോളം നന്മ ചെയ്യാം. തിന്മകളിൽ നിന്നും ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും അകന്നു നിൽക്കാം. ക്രമമായി വേദപുസ്തകം പഠിച്ചു ധ്യാനിച്ചു വായിക്കാം, പ്രാർത്ഥിക്കാം. ആരാധനാജീവിതവും കുടുംബജീവിതവും കുടുംബപ്രാർത്ഥനയും ശക്തിപ്പെടുത്തണം. സുഹൃത്ബന്ധങ്ങൾ, അയൽബന്ധങ്ങൾ, ഭാര്യാ-ഭർത്തൃബന്ധങ്ങൾ, മാതാപിതാക്കളും മക്കളും മരുമക്കളും തമ്മിലുള്ള ബന്ധങ്ങൾ, പ്രകൃതിയുമായുള്ള ബന്ധം, ദൈവവുമായുള്ള ബന്ധം, നമുക്കു നമ്മോടുതന്നെയുള്ള ബന്ധം എല്ലാം ബലപ്പെടുത്താം. സത്യസന്ധതയോടും ആർത്ഥമാർത്ഥതയോടും വിശ്വാസ്തതയോടും കാര്യവിചാരകബോധത്തോടും ദൈവം നമ്മെ ഏൽപിച്ചിരിക്കുന്ന ചുമതലകൾ ചെയ്യാം. ബലഹീനരെ താങ്ങാം. ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്താം. എപ്പോഴും കർത്താവിൽ സന്തോഷിക്കാം. എല്ലാറ്റിനും സ്തോത്രം ചെയ്യാം. ഇതല്ലോ ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള ദൈവയിഷ്ടം.

'ജീവിതമാണ്, പരീക്ഷിക്കപ്പെടും; പരാജയപ്പെടും; പിന്തള്ളപ്പെടും; പരിഹസിക്കപ്പെടും; മനുഷ്യനാണ്... മറികടക്കണം... വിജയിക്കണം... കുതിച്ചുയരണം... നേരിടണം... എല്ലാം നേരിട്ടേ പറ്റൂ'. 'ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും നിന്റെ മേലിരിക്കും' (ആവ. 11:12).

## സംഘദിന സ്തോത്രകാഴ്ച

**2021 ഒക്ടോബർ ആദ്യ ഞായറാഴ്ചയിലെ സംഘദിന സ്തോത്രകാഴ്ച ഇനിയും അടച്ചിട്ടില്ലാത്ത പള്ളികൾ താമസംവിനാ കൊമ്പാടി സന്നദ്ധസുവിശേഷക സംഘം ഓഫീസിലോ, സഭാ ഓഫീസിലോ അടയ്ക്കുവാൻ അപേക്ഷിക്കുന്നു.**

**ജനറൽ സെക്രട്ടറി**

# ക്രിസ്തു ദർശനത്തിന്റെ തെളിമയിൽ പുതുവർഷത്തിലേക്ക്

*ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ*
*പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരുത്തേണമേ*
*(വിലാപങ്ങൾ 5:21)*





**റവ. മോൻസി വർഗീസ്**
അസി. ഡയറക്ടർ CARD

പുതുവത്സരത്തിലേക്കുള്ള പ്രവേശനം ഒരുവേള ഒരുപാട് സന്തോഷങ്ങളുടെയും, ആഘോഷപരിപാടികളുടെയും അകമ്പടിയോടുകൂടിയാണെങ്കിലും, സങ്കീർണ്ണതകളുടെയും, ഭയപ്പാടിന്റെയും, നിരാശകളുടെയും അന്തരീക്ഷങ്ങൾ ലോകമെങ്ങും വല്ലാതെ പ്രബലപ്പെടുന്നുണ്ട്. കോവിഡിന്റെ അതിഭയങ്കരമായ വ്യാപനം ലോകരാജ്യങ്ങളെത്തന്നെ വല്ലാതെ പ്രതിസന്ധിയിലാക്കി കഴിഞ്ഞു. രോഗാതുരമായ ഒരു കാലം എന്ന നിലയ്ക്ക് വിശദീകരിക്കാൻ കോവിഡ് കാലത്തെ സംഭവവികാസങ്ങൾ മാത്രം പരിശോധിച്ചാൽ മതിയാകും. അടിക്കടി രൂപപ്പെടുന്ന പ്രകൃതിദുരന്തങ്ങൾ, കെടുതികൾ, ആഭ്യന്തര സംഘർഷങ്ങൾ, പേടിപ്പെടുത്തുന്ന സാമൂഹിക സാഹചര്യങ്ങൾ ഈ നിലയ്ക്ക് രൂപപ്പെടുന്ന സാമൂഹിക അവസ്ഥകളിൽ കാലൂന്നി നിന്നുകൊണ്ടാണ് നമ്മൾ പുതിയ വർഷത്തെ വിഭാവന ചെയ്യുന്നത്. എല്ലാ കലുഷിതമായ സാഹചര്യങ്ങളിലും പകൽ മേഘസ്തംഭമായി, രാത്രി അഗ്നിത്തൂണായി സഹയാത്രികനായിരുന്ന ദൈവത്തെ അറിയുകയും, ധ്യാനിക്കുകയും, നന്ദിപറയുകയും ചെയ്യേണ്ട സുന്ദരമായ

ഒരു സമയംകൂടിയാണിത്. രോഗാതുരമായ ഒരു കാലത്തിന്റെ സൗഖ്യത്തിനുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുവാനും പ്രസ്തുത സാഹചര്യങ്ങളെ രൂപാന്തരപ്പെടുത്താൻ കഴിയുന്ന നിലയ്ക്കുള്ള ദൈവരാജ്യ ഇടപെടലുകൾ രൂപപ്പെടുത്താനും നമുക്കു സാധിക്കണം. ദൈവരാജ്യത്തിന്റെ പ്രഘോഷകരും ശുശ്രൂഷക്കാരും ആയി ക്രിസ്തു നമ്മെ വിളിക്കുകയും വേർതിരിക്കുകയും ചെയ്യുന്നുണ്ട് എന്ന ഉത്തമമായ ബോധ്യത്തോടുകൂടി പ്രവർത്തന നിരതരാകാനും, ദൗത്യത്തിന്റെ പുത്തൻ ഭാവങ്ങൾ ആവിഷ്ക്കരിക്കാനും ഈ സങ്കീർണ്ണതകളുടെ കാലത്തിൽ നമുക്ക് സാധിക്കണം. അതുകൊണ്ട് തന്നെ അങ്ങറുതിയുടെ സമയങ്ങളും, പുതുവത്സരത്തിന്റെ വരവും ഒക്കെ നമ്മെത്തന്നെ പുതുക്കുന്ന സമയങ്ങളായി ഭവിക്കുകയും വേണം.

ക്രിസ്തുവിനോടൊപ്പമുള്ള ജീവിതം എന്നതിന്റെ പൊരുൾ എന്നത് ക്രിസ്തു ദർശനങ്ങളുടെ പെരുമയിലും, അവയുടെ ആവിഷ്കാരങ്ങളിലും നിലനിൽക്കുക എന്നതാണ്. തന്നോടൊപ്പം സഹയാത്രികരായിരുന്ന ശിഷ്യസമൂഹത്തെ വിവിധ സന്ദർഭങ്ങളിൽ ഗുണപരമായ പാഠങ്ങൾ പഠിപ്പിക്കുകയും, അർത്ഥവത്തായ ദൈവരാജ്യ ശുശ്രൂഷകൾക്ക് അവരെ ഒരുക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ പ്രവർത്തന വൃത്താന്തങ്ങളിൽ അതിജീവനത്തിന്റെ പാഠങ്ങൾ ഒരുപാട് ഉണ്ടായിരുന്നു. നിരാശകളുടെയും, ദുരിതങ്ങളുടെയും, ദുരന്തസമാനമായ ജീവിത അനുഭവങ്ങളുടെയും നടുവിൽ പ്രത്യാശയോടെ ജീവിതത്തെ അഭിമുഖീകരിക്കുവാനുള്ള വഴികൾ ആണ് ക്രിസ്തു എല്ലാക്കാലത്തും ആവിഷ്ക്കരിച്ചത്.

**ഭയപ്പാടുകളിൽ നിറയുന്ന സമാധാനാശംസകൾ**

റോമൻ പട്ടാള ഭീകരതയുടെയും, യഹൂദമതബോധത്തിന്റെയും കടുത്ത അന്തരീക്ഷത്തിലാണ് റബ്ബിയെ നഷ്ടപ്പെട്ട ശിഷ്യസമൂഹം ജീവിച്ചത്. പീഢനാനുഭവത്തിന്റെയും, കുരിശുമരണത്തിന്റെയും, ഓടിപ്പോക്കിന്റെയും ഒക്കെ ശേഷം ഒരു മാളികമുറിയുടെ വല്ലാത്ത ഒറ്റപ്പെടലുകളിൽ ജീവിക്കുമ്പോഴാണ് ഉത്ഥിതനായ ക്രിസ്തു ശിഷ്യൻമാർക്ക് സമാധാനം ആശംസിക്കുന്നത്. മാളികമുറിയുടെ പേടിപ്പെടുത്തുന്ന സ്വകാര്യതയിൽ ഉൾവലിഞ്ഞു നിൽക്കാൻ പ്രേരിതരാകുന്ന ശിഷ്യസമൂഹത്തെ അതിജീവനത്തിന്റെ പുത്തൻ പുലരികളിലേക്ക് ആനയിക്കുകയായിരുന്നു ക്രിസ്തു തന്റെ സമാധാന ആശംസകളിലൂടെ ചെയ്തെടുത്തത് (യോഹന്നാൻ 20:19). ശിഷ്യൻമാർ ഇരുന്ന സ്ഥലത്ത് യെഹൂദൻമാരെ പേടിച്ച് വാതിൽ അടച്ചിരിക്കെ യേശു വന്ന് നടുവിൽ നിന്ന് നിങ്ങൾക്ക് സമാധാനം എന്ന് പറഞ്ഞു. ഒരു പക്ഷേ ഈ ആണ്ടറുതിയുടെ കാലങ്ങൾ തികഞ്ഞ നിരാശാബോധത്തിന്റെയും, കെടുതികളുടെയും, നവ സാമാന്യതയുടെയും (New normal) കോവിഡ്കാല ജീവനത്തിന്റെ സംഘർഷങ്ങളുടെയും കാലങ്ങളായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. അതുകൊണ്ടുതന്നെ ഭയപ്പാടുകളുടെയും, വിഷാദാനുഭവങ്ങളുടെയും, മാനസികാവസ്ഥകൾ നമ്മളിൽ എപ്പോഴും രൂപപ്പെടുന്നത് സ്വാഭാവികം മാത്രം. ഒരുപാട് മുറിവുകൾ കാണിച്ചുകൊണ്ടാണ് ക്രിസ്തു ശിഷ്യസമൂഹത്തിന്റെ നടുവിൽ സമാധാനം ആശംസിക്കുന്നത്. ഇത് ഒരു അടയാളവും രൂപകവും ആണ്. ഭരണകൂടത്തിന്റെയും, മതത്തിന്റെയും കൊടിയ ഭീകരതയിൽ മുറിവേറ്റു പോയവൻ നിരാശയുടെ പടുകുഴിയിലേക്ക് വീഴാൻ സാദ്ധ്യതയുള്ള തന്റെ പിന്തുടർച്ചക്കാർക്ക് സമാധാനമാണ് ആശംസിക്കുന്നത്. മിസ്രയീമിൽ നിന്ന് വിടുവിക്കപ്പെട്ട ദൈവജനം ഒരു വാമൊഴി വഴക്കം പോലെ സൃഷ്ടിച്ചെടുത്ത പ്രാർത്ഥനകളുടെ വായ്ത്താരി ആണ് ദൈവം പകൽ മേഘസ്ഥംഭമായും രാത്രി അഗ്നിത്തൂണായും കൂടെയിരുന്നു എന്നത്. ഒരുവേള ഇത്തരത്തിലുള്ള വിശ്വാസത്തിന്റെ പാട്ടുകൾ പാടാനും ദൈവം നടത്തുന്ന മുഴുവൻ വഴികളെയും സ്തോത്രാർപ്പണത്തോടെ ഓർത്തെടുക്കാനും ഗുണപരമായൊരു ആധ്യാത്മിക ജീവിതം മെച്ചപ്പെടുത്തുവാനുമാണ് പുതുവത്സരത്തിന്റെ പിറവി നമ്മോടാവശ്യപ്പെടുന്നത്.

ആശങ്കകളും, കഷ്ടതകളും, രോഗാനുഭവങ്ങളും നിലനിൽക്കുന്ന സാഹചര്യങ്ങളിൽ പ്രത്യാശയുടെ വെളളിവെളിച്ചത്തിനു വേണ്ടി കാതോർക്കുവാനും, നീതിയും, സമാധാനവും, സാഹോദര്യവും, സന്തോഷവും നിർമ്മിക്കാനുമുള്ള വെല്ലുവിളികളാണ് നാം ഏറ്റെടുക്കേണ്ടത്.

മാളികമുറിയുടെ പേടിപ്പെടുത്തുന്ന ഇരുളിന്റെ അവസ്ഥകളിൽ, നിരാശയുടെ സങ്കീർണ്ണതകളിൽ സംഭവിക്കുന്ന മഹത്വപ്രത്യക്ഷത നമ്മുടെ ജീവിതങ്ങൾക്കും വഴികാട്ടിയായി മാറേണ്ടതുണ്ട്.

**നവസാമാന്യതയിൽ തുഴഞ്ഞു കയറുന്ന പടകുകൾ**

നവസാമാന്യത (New normal) എന്ന പ്രയോഗം ഒരുവേള കോവിഡ് കാലത്തിന്റെ അന്തരീക്ഷത്തിൽ രൂപപ്പെട്ട ഒരു പ്രയോഗമാണ്. കോവിഡ് കാലത്തിന്റെ സങ്കടങ്ങളെ നമുക്ക് അതിജീവിക്കുവാൻ

കഴിയുമോ എന്ന ആശങ്ക ഇന്ന് ശക്തമാണ്. രോഗാനുഭവങ്ങളിലും രോഗാവസ്ഥകളിലും വല്ലാതെ ദുർബ്ബലരായിപ്പോകുന്ന ഒരുപാട് സമൂഹങ്ങളും, വ്യക്തികളും ഇന്ന് സങ്കടക്കടലുകളിൽ ജീവിക്കുകയാണ്. അടിക്കടി സൃഷ്ടിക്കപ്പെടുന്ന പ്രകൃതിദുരന്തങ്ങൾ, മറ്റ് തരത്തിലുള്ള വെല്ലുവിളികൾ ഇവയെല്ലാം സമ്മേളിക്കുന്ന ഒരു ആണ്ടറുതിയിലൂടെ പടിവാതിൽക്കൽ ആണ് നാം എത്തിനിൽക്കുന്നത്.

ഒരു പടക് യാത്രയുടെ നടുവിൽ വെച്ചാണ് ശിഷ്യന്മാർ ക്രിസ്തുവിനോട് പരിഭവിക്കുന്നത്. നാഥാ ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്ക് വിചാരം ഇല്ലയോ എന്ന് (മർക്കോസ് 4:38) . അമരത്ത് ശാന്തമായി തലയിണ വെച്ച് ഉറങ്ങുന്ന ക്രിസ്തുവിനെ ശിഷ്യന്മാർ ഉണർത്തുന്നുണ്ട്. ക്രിസ്തു എഴുന്നേറ്റ് കാറ്റിനേയും, കടലിനേയും ശാന്തമാക്കുന്നതായി വേദഭാഗത്ത് നാം കാണുന്നുണ്ട്. ഒരു വേള പ്രകൃതിയുടെ സകലവിധ ശക്തികൾക്കും നിഗൂഢതകൾക്കും മേലായി രൂപപ്പെടുന്ന ദൈവശക്തിയുടെ വിന്യാസമാണ് ഇവിടെ നാം കാണുന്നത്. ഒരു പക്ഷേ പ്രകൃതിശക്തികൾക്കു മേൽ ആധിപത്യവും, അധികാരവും ഉള്ള ദൈവാധികാരത്തെക്കുറിച്ച് ശിഷ്യസമൂഹം പാഠങ്ങൾ പഠിക്കുന്നുണ്ടാവണം. അതുകൊണ്ട് തന്നെ ഈ പടുകയാത്ര ശിഷ്യരെ സംബന്ധിച്ചിടത്തോളം പുത്തൻ അറിവുകളിലേക്കും ധാരണകളിലേക്കുമുള്ള യാത്രയായിരുന്നു. കാറ്റ് വീശുകയും, കടൽ ഇളകുകയും ചെയ്യുമ്പോൾ രൂപപ്പെടുന്ന ഒരു നവസാമാന്യതയുടെ മുമ്പിൽ (New normal) ശിഷ്യന്മാർ എല്ലാവരും ഭയപ്പെടുന്നുണ്ട്. ഈ സാഹചര്യത്തെ അതിജീവിക്കുവാൻ കഴിയാതെ ആടിയുലയുന്ന പടകും അതിലെ കുറച്ചു മനുഷ്യരും ഏറ്റം അർത്ഥവത്തായ രൂപകങ്ങളാണ്. എന്നാൽ ഈ സാഹചര്യത്തെയൊക്കെ രൂപാന്തരപ്പെടുത്തി ശാന്തമാക്കാനും, തികവുള്ളതാക്കാനും കർത്താവിന് കഴിയും എന്ന പാഠമാണ് ഇവിടെ നാം മനസ്സിലാക്കുന്നത്. അതുകൊണ്ട് നവസാമാന്യതയുടെ ആശങ്കകളിൽ നിന്ന് അതിജീവനത്തിന്റെ വഴിക ളിലേക്ക് തുഴഞ്ഞുകയറുന്ന പടകുകൾ ആണ് വേദപുസ്തക താളുകളിൽ നാം കാണുന്നത്. കലുഷിതമായ ലോകസാഹചര്യങ്ങളിൽ നിൽക്കുമ്പോഴും കർത്താവിനോട് ചേർന്ന് അതിജീവനത്തിന്റെ വഴികളിൽ മുമ്പോട്ട് ഗമിക്കുവാനും, അതിജീവനത്തിനുവേണ്ടി പോരാടുന്നവരോട് പക്ഷം ചേരുവാനും പുതുവത്സരത്തിന്റെ ദിനങ്ങളിൽ നമുക്ക് സാധിക്കണം.

## ഗോസ്പൽ ടീം ശുശ്രൂഷകൾ

**ഉണർവ്വ് കൂട്ടായ്മ – 2022 ജനുവരി 05 ബുധൻ, 10.00 എ. എം, തരംഗം മിഷൻ ആക്ഷൻ സെന്റർ**

**ഉണർവ്വ് കൂട്ടായ്മ – 2022 ജനുവരി 14 വെള്ളി, 10.00 എ. എം, കുറിയന്നൂർ ശാലേം മാർത്തോമ്മാ പള്ളി**

**കൺവെൻഷൻ – 2022 ജനുവരി 21 മുതൽ 22 വരെ, പെരുമ്പെട്ടി ജെറുശലേം മാർത്തോമ്മാ പള്ളി**

**ഗോസ്പൽ ടീമിന്റെ ശുശ്രൂഷയ്ക്കായി ദയവായി ബന്ധപ്പെടുക**

**ശ്രീ. ബേബിക്കുട്ടി പുല്ലാട്** (അസ്സിസ്റ്റന്റ് സെക്രട്ടറി)
ഫോൺ: +91 9946791219
**MTVEA OFFICE** : 0469 2602 907

പ്രസംഗക്കുറിപ്പ്

**2022 ജനുവരി 9 ഞായർ**

**യോശു. 7:16–26 1 കൊരി. 6:9–11**

**എഫെ. 5:8–21 വി. മത്താ. 18:6–11**



# ലഹരി വിരുദ്ധ ദിനം

***"ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവീൻ"(VS.10)***



**റവ. കെ. പി. സാബു**
ഡയറക്ടർ, മോചന

ഇന്ന് മാർത്തോമ്മാ സഭ ലഹരി വിരുദ്ധദിനമായി ആചരിക്കുകയാണ്. ലഹരി ആസക്തി എന്ന മാരകരോഗത്തിന് കീഴ്പ്പെട്ട് പോകാതിരിപ്പാൻ സഭാ മക്കളെ ഓർമ്മപ്പെടുത്തുന്ന ദിനം. ഇന്ന് സമൂഹം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഒരു വിപത്തായി ലഹരിയുടെ ഉപയോഗം മാറിക്കൊണ്ടി രിക്കുമ്പോൾ വിശ്വാസസമൂഹം ആ വിപത്തിൽ വീണുപോകാതിരിപ്പാൻ പ്രബോധിപ്പിക്കേണ്ടതും വീണുപോയവരെ രക്ഷിച്ചെടുക്കേണ്ടതും സഭയുടെ ദൗത്യമാണെന്ന് ഇന്നത്തെ വേദഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. പല കാരണങ്ങളാൽ ഒരാൾ ലഹരിക്ക് അടിമപ്പെടാം. പാരമ്പര്യ ശാസ്ത്രവും (Genetics), സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളുമാണ് (Circumstances), പ്രധാന കാരണങ്ങളായി പറയുന്നത്. എന്നാൽ ഒരാൾ ലഹരിക്ക് കീഴ്പ്പെട്ടുപോയാൽ "മദ്യപാനി സ്വർഗ്ഗരാജ്യം അവകാശ മാക്കുകയില്ല" എന്ന് ഉദ്ധരിച്ചുകൊണ്ട് തള്ളിക്കളയുന്നതല്ല സഭയുടെ ദൗത്യം; മറിച്ച് സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കുക എന്നതാണ്.

എന്നാൽ ശിഷ്യന്മാരുടെ ഇടയിലെ പ്രശ്നം 'സ്വർഗ്ഗരാജ്യത്തിന്റെ അവകാശം' എന്നതല്ല, മറിച്ച് "സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആര്" എന്നുള്ളതാണ്. ആ പ്രശ്നത്തിന് ഉത്തരമാണ് മത്തായി 18:2-14 വരെയുള്ള വാക്യങ്ങൾ. നമുക്ക് ധ്യാനിക്കാം.

**1. സ്വർഗ്ഗരാജ്യത്തിൽ 'വലിയവൻ' ആകുവാൻ ആഗ്രഹി**

ക്കാതെ അതിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുക.

സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആകുന്നതല്ല ശിഷ്യന്റെ ധർമ്മം. മറിച്ച്, സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനം സാധ്യമാക്കി അതിന്റെ ഭാഗമാകുക എന്നുള്ളതാണ്. പ്രവേശനമാണ് പ്രധാനം, പദവികളല്ല. സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനം സാധ്യമാകണമെങ്കിൽ നിങ്ങൾ 'തിരിയണം' (Turning), എന്നാണ്. നിങ്ങളുടെ പദവികളെക്കുറിച്ചുള്ള മോഹങ്ങളിൽ നിന്ന് നിങ്ങൾ തിരിയണം. രണ്ട്, നിങ്ങൾ ശിശുക്കളെപ്പോലെ സ്ഥാനമോഹമില്ലാത്ത ലാളിത്യത്തിലേക്ക് (Unambitious Simplicity), അലൗകീകതയിലേക്ക് (Unworldlines), നിർദ്ദോഷമായ ആശ്രയ ബോധത്തിലേക്ക് (Innocent Trustfulness), തിരിയണം എന്നാണ്.

**2. ചെറിയവർക്ക് ഇടർച്ച വരുത്തിക്കൊണ്ട് വലിയവനാകാൻ ശ്രമിക്കരുത്** (Do not be an offending member)

ഉള്ളവൻ-ഇല്ലാത്തവൻ, വലിയവൻ-ചെറിയവൻ, ആരാധിക്കുന്നവൻ-ആരാധിക്കാത്തവൻ എന്നുള്ള വേർതിരിവുകൾ ഉണ്ടാക്കി ഒരു വിഭാഗത്തെ അന്യവൽക്കരിക്കുന്ന സമീപനം ദൈവരാജ്യത്തിന് ചേർന്നതല്ല. ഇപ്രകാരം അന്യവൽക്കരിക്കപ്പെട്ടു പോകുന്നവരെല്ലാം 'ചെറിയവരുടെ' കൂട്ടത്തിലാണ്. അന്യവൽക്കരണമല്ല, ചേർത്ത് പിടിക്കലാണ് ഒരുവന്റെ വലിപ്പമെന്ന് തമ്പുരാൻ ഓർമ്മിപ്പിക്കുന്നു. വൈകാരികമായി ബലഹീനരായവരും വിഷാദരോഗത്തിന് കീഴ്പ്പെട്ട് പോയവരും മാനസികമായും ആത്മീകമായും കരുത്ത് കുറഞ്ഞവരും ഒക്കെ ലഹരികൾക്ക് കീഴ്പ്പെട്ടു പോയെന്നു വരാം. എന്നാൽ ഒരുവൻ ലഹരിക്ക് കീഴ്പ്പെട്ടു പോയാൽ അയാളെ തള്ളിക്കളയാതെ സൗഖ്യത്തിന്റെ പാതയിലേക്ക് കൊണ്ടുവരുന്നതിന് പ്രാർത്ഥനാപൂർവ്വം യത്നിക്കുക എന്നതായിരിക്കട്ടെ നമ്മുടെ ദൗത്യം.

**3. പ്രലോഭനങ്ങളെ അതിജീവിക്കുക എന്നത് വിശ്വാസത്തിന്റെ കരുത്ത്**

ഇടർച്ച വരുത്തുന്നതും, പ്രലോഭനങ്ങളാൽ ഇടറിപോകുന്നതും കഷ്ടം തന്നെയാണ്. ഒരുവൻ തനിക്ക് തന്നെ ഇടർച്ച വരുത്തുന്ന പ്രവൃത്തിയാണ് പ്രലോഭനങ്ങളിൽ വീണുപോകുക എന്നത്. ദൈവത്തിന്റെ ദാനമായ ജീവിതത്തെ അതിന്റെ ഏറ്റം ഉന്നതമായ തലത്തിൽ ദർശിക്കേണ്ടതും ഏറ്റം ഉദാത്തമായ രീതിയിൽ നയിക്കേണ്ടതുമാണ്. ആ ഉന്നതമായ ദർശനത്തിന് കോട്ടം വരുത്തുന്ന തായിരിക്കരുത് പ്രലോഭനങ്ങളാൽ നയിക്കപ്പെടുന്ന ചിന്തകളും പ്രവൃത്തികളും. ശരീരത്തിലെ കണ്ണും, കൈയ്യും, കാലും ഒക്കെ ഏറ്റവും പ്രാധാന്യമുള്ളത് തന്നെ. എന്നാൽ അവയുടെ ഒക്കെ വിനിയോഗം ഉദാത്തമായ നന്മയ്ക്ക് (Highest good), കോട്ടം വരുത്തുന്നതായി തീർന്നാൽ, നല്ലതായിരിക്കുന്ന അവയവം പോലും ഇല്ലാതിരിക്കുന്നതാണ് നല്ലതെന്ന് കർത്താവ് ഓർമ്മിപ്പിക്കുന്നു.

അതുകൊണ്ട് ഒരുവൻ തനിക്ക്തന്നെ ഇടർച്ച വരുത്തുന്ന പ്രവൃത്തിയാണ് ലഹരിയുടെ ഉപയോഗം എന്ന് തിരിച്ചറിയുക. അതിലേക്ക് നയിക്കപ്പെടുന്ന തിന്മയുടെ സ്വാധീനത്തെയും പ്രലോഭിപ്പിക്കുന്ന സാഹചര്യത്തെയും തിരിച്ചറിഞ്ഞ് പ്രതിരോധിക്കുക. വിശ്വാസ ജീവിതത്തിന് ഇടർച്ച വരുത്തുന്ന തിന്മ ശക്തികളെയും, പ്രലോഭനങ്ങളെയും അതിജീവിക്കാനുള്ള കരുത്ത് ദൈവാശ്രയബോധത്തിലൂടെയും, പ്രാർത്ഥനയിലൂടെയും ലഹരി വിമോചന ചികിത്സയിലൂടെയും കണ്ടെത്താൻ കഴിയുക. ചെറിയവരിൽ ഒരുത്തൻ നശിച്ച് പോകുന്നത് സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടമല്ല. (vs.14), ദൈവം അനുഗ്രഹിക്കട്ടെ.


## മൂന്നു മാസ കോഴ്സ്

**കൊമ്പാടി എ. എം. എം. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ജനുവരി 6 മുതൽ മൂന്നു മാസ കോഴ്സ് ആരംഭിക്കുന്നു.**
**പങ്കെടുക്കാൻ താല്പര്യം ഉള്ളവർ സംഘം ഓഫീസുമായി ബന്ധപ്പെടുക.**

**ഫോൺ: 04692602907**

**റവ. പി.സി. സജി** പ്രിൻസിപ്പാൾ

പ്രസംഗക്കുറിപ്പ്

**2022 ജനുവരി 16 ഞായർ**

**1 രാജാ :18:21–39 എഫേ. 6:10–20**

**അ. പ്ര.12:1–12 വി.മത്തായി 17: 14–21**

# പ്രാർത്ഥനയാലും ഉപവാസത്താലും ഉള്ള ജയം



അതിർത്തി കാവലിൽ ഏർപ്പെട്ടിരുന്ന രണ്ട് സൈനികർ. ഒന്നാമൻ റോന്തുചുറ്റിയശേഷം തിരികെ വന്നു. രണ്ടാമനോട്പറഞ്ഞു എനിക്ക് നിന്നോട് ഒരു മോശം വാർത്ത പറയാനുണ്ട് നമ്മുടെ കൈവശമുള്ള വെടിയുണ്ടകൾ എല്ലാം തീർന്നു. വാങ്ങാൻ സൈനിക ക്യാമ്പുകളോ സൈനീകരോ ഇല്ല. രണ്ടാമന് ഭയമായി. ശത്രുക്കൾ ക്രൂരരാണ്. അവരെ വെടിയുണ്ടകൾ പോലുമില്ലാതെ നേരിടുന്ന കാര്യമോർത്ത് അയാൾ വിറയ്ക്കാൻ തുടങ്ങി. എങ്കിലും അയാൾ ചിന്തിച്ചു ശത്രുവിനെ ഇല്ലാതാക്കുന്നതിനേക്കാൾ എളുപ്പം ശത്രുത ഇല്ലാതാക്കുന്നതാണ്. ശത്രുത ഇല്ലാതാകുമ്പോൾ ശത്രുവും ഇല്ലാതാകുമല്ലോ. അദ്ദേഹം തന്റെ കൺമുൻപിൽ കണ്ട ഉദ്ധ്യാനത്തിൽ നിന്ന് ചില പുഷ്പങ്ങൾ നുള്ളിയെടുത്തു പൂച്ചെണ്ടുകൾ ഉണ്ടാക്കി തുടർന്ന് തന്റെ മേലുദ്യോഗസ്ഥന് ഇങ്ങനെ ഒരു സന്ദേശം അയച്ചു. ആയുധങ്ങൾ ഇല്ലാതെ ഞങ്ങൾ യുദ്ധകളത്തിൽ ആയിരിക്കുന്നു. ശത്രു ഏതു സമയത്തും എതിർ പെടാം. എന്നാൽ ഞാൻ വിശ്വസിക്കുന്നു വെടിയുണ്ടകൾക്ക് കഴിയാത്തത് പൂച്ചെണ്ടുകൾക്ക് കഴിയും.



**റവ. ജോ മാത്യു**
ന്യൂഡൽഹി യെരുശലേം മാർത്തോമ്മാ ചർച്ച്

ആയുധങ്ങൾ കൊണ്ടോ ആൾബലം കൊണ്ടോ എപ്പോഴും വിജയിക്കണമെന്നില്ല. പ്രാർത്ഥന കൊണ്ടും ഉപവാസം കൊണ്ടും ആണ് നാം ജീവിത പ്രതിസന്ധികളെ നേരിടേണ്ടത്. ഉറപ്പുള്ള വിശ്വാസവും വിശ്വാസ സ്ഥിരതയും ആത്മീയ ജീവിതത്തിന് ആവശ്യമാണ്. പ്രാർത്ഥനയും ഉപവാസവും ഒരു ഭക്തന്റെ ജീവിതത്തിൽ എങ്ങനെ സ്വാധീനിക്കുന്നു എന്ന് ഈ വേദഭാഗങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു.

യേശുവും ശിഷ്യന്മാരും മലമുകളിൽ ആയിരുന്നപ്പോൾ താഴ്വരയിൽയിൽ ആയിരുന്ന മറ്റു ശിഷ്യന്മാരുടെ അടുക്കൽ ചന്ദ്ര രോഗിയായ ഒരു ബാലനെ സുഖപ്പെടുത്തുവാൻ കൊണ്ടുവന്നു. എന്നാൽ ആ ശിഷ്യന്മാർക്ക് സൗഖ്യം നൽകാൻ സാധിച്ചില്ല. രോഗിയുടെ പിതാവ് യേശുവിന്റെ അരികിൽ ഉറച്ച വിശ്വാസത്തോടെ സമീപിച്ച് അപേക്ഷിക്കുന്നു. യേശു ആ ബാലനെ സുഖപ്പെടുത്തുന്നു. എന്തുകൊണ്ട് ശിഷ്യന്മാർക്ക് അതിനു സാധിച്ചില്ല എന്ന അവരുടെ സംശയത്തിന് അവരുടെ അല്പവിശ്വാസത്തെ യേശു വ്യക്തമാക്കുന്നു. ഈ വേദഭാഗം നമുക്ക് നൽകുന്ന മൂന്നു ചിന്തകൾ പങ്കു വെക്കുന്നു.

### 1. ക്രിസ്തുവിന്റെ അസാന്നിധ്യത്തിൽ നിഷ്ക്രിയരായി പോയ ശിഷ്യന്മാർ

രോഗികളെ സൗഖ്യമാക്കുവാനും ഭൂതങ്ങളെ പുറത്താക്കുവാനും ഉള്ള അധികാരം യേശു ശിഷ്യന്മാർക്ക് നൽകിയതാണ് (Matt. 10: 1) എന്നാൽ ഇവിടെ ആ അധികാരം പ്രയോജനപ്പെടുത്തുന്നതിൽ അവർ പരാജയപ്പെടുന്നു. മലമുകളിലെ ക്രിസ്തുവിന്റെ തേജസ്കരണം കണ്ട് ശിഷ്യന്മാർ മലയിൽ നിന്ന് ഇറങ്ങുമ്പോൾ താഴ്‌വരയിലെ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുന്നു. മലമുകളിലെ മഹത്വത്തിന്റെ അനുഭവത്തിൽനിന്നും താഴ്‌വരയിലേക്ക് യേശു വരുന്നു. എന്നാൽ സൗഖ്യദായക ശുശ്രൂഷയിൽ നിസ്സഹായരായ ശിഷ്യന്മാരെയാണ് അവിടെ കാണുന്നത്. അപസ്മാര രോഗിയായ മകന്റെ സൗഖ്യത്തിനായി അപേക്ഷിക്കുന്ന പിതാവ് യേശുവിനെ സമീപിക്കുന്നു. നിന്റെ ശിഷ്യന്മാർക്ക് സൗഖ്യം വരുത്തുവാൻ കഴിഞ്ഞില്ല എന്നും യേശുവിനോട് പറയുന്നു. യേശുവിന്റെ വിളി ശ്രവിച്ച് ശിഷ്യത്വത്തിലേക്ക് പ്രവേശിക്കുകയും യേശുവിന്റെ വചനങ്ങളും അത്ഭുത പ്രവർത്തികളും കണ്ടും കേട്ടും വളർന്നു വന്നവരാണ് ഈ ശിഷ്യന്മാർ. എന്നാൽ യേശുവിന്റെ അസാന്നിധ്യത്തിൽ അവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. എവിടെയാണ് പ്രശ്നം?.

ഇത് നമ്മുടെ ആത്മീയ ജീവിതത്തിൽ ചില ഉൾക്കാഴ്ചകൾ നൽകുന്നുണ്ട്. ശിഷ്യന്മാർക്ക് നൽകപ്പെട്ട ആത്മീയ അധികാരങ്ങൾ അവർക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. ആത്മീയ വളർച്ചയുണ്ട്, അഭിഷേകം പ്രാപിച്ച അനുഭവങ്ങളുണ്ട് എങ്കിലും ചില സന്ദർഭങ്ങളിൽ നാം പരാജയപ്പെടുന്നു. കർത്താവ് പറയുന്നു കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട് നീങ്ങിപ്പോക എന്ന് പറഞ്ഞാൽ അത് സംഭവിക്കും. വിശ്വാസത്തിന്റെ സ്ഥിരതയില്ലായ്മ ആണ് ഇവിടെ കർത്താവ് ചൂണ്ടിക്കാണിക്കുന്നത്. പത്രോസ് വെള്ളത്തിന്മീതെ നടന്നപ്പോൾ കാലുകൾ ഇടറി. എന്നാൽ കർത്താവ് അവനെ കരംപിടിച്ച് വിശ്വാസത്തിൽ ഉറയ്ക്കുവാൻ ഓർമ്മിപ്പിക്കുന്നു. ഒരു രാത്രി മുഴുവനും അധ്വാനിച്ച പത്രോസും കൂട്ടരും ക്രിസ്തുവിന്റെ അസാന്നിധ്യത്തിൽ പരാജയത്തിന്റെ കൈയ്പ്പ് അറിയുന്നു. ശിഷ്യന്മാർ പിന്മാറ്റത്തിലേക്ക് പോകുന്നു.. വിശ്വാസത്തിൽ നാം പതറിപ്പോയാൽ അത് ജീവിത പരാജയത്തിന് കാരണമാകും. ജീവിതത്തിന്റെ ഓരോ അനുഭവങ്ങളിലും കർത്താവിന്റെ സാന്നിധ്യം തിരിച്ചറിയുവാനും ലഭിച്ചിരിക്കുന്ന ആത്മീയ വിവരങ്ങൾ ഉപയോഗിക്കാനും നമുക്ക് കഴിയണം. നമുക്ക് നൽകപ്പെട്ടിരിക്കുന്ന ആത്മീയ വരങ്ങളെ നാം തിരിച്ചറിയണം.

### 2. പരാജയകാരണം അന്വേഷിക്കുന്ന ശിഷ്യന്മാർ

ശിഷ്യന്മാർ സ്വകാര്യമായി യേശുവിന്റെ അടുക്കൽ വന്നു ഞങ്ങൾക്ക് അതിനെ പുറത്താക്കി കുടഞ്ഞത് എന്ത് എന്ന് ചോദിച്ചു. രോഗസൗഖ്യം നൽകുവാൻ കഴിയാഞ്ഞ ശിഷ്യന്മാർ തങ്ങളുടെ പരാജയകാരണം അന്വേഷിക്കുന്നു . ഇത് സ്വയം തിരുത്തപ്പെടുവാനുള്ള ആഗ്രഹം ആണ്. പരാജയത്തിൽ നിന്ന് പിന്മാറി പോകുന്നവർ ഉണ്ട് എന്നാൽ പരാജയകാരണം അന്വേഷിച്ച് തിരുത്തി മുൻപോട്ടു പോകുന്നവരും ഉണ്ട് .

ഇസ്രായേൽ മക്കൾ കനാൻ നാട്ടിൽ പ്രവേശിച്ചപ്പോൾ ആദ്യപടിയായി അവർ യെരിഹോ പട്ടണം പിടിച്ചടക്കി. ഈ ആത്മവിശ്വാസത്തിൽ അവർ ഹായ് പട്ടണം പിടിക്കാനൊരുങ്ങുന്നു. എന്നാൽ ഇസ്രായേൽ പരാജയപ്പെടുകയും നിരവധി ആളുകൾ കൊല്ലപ്പെടുകയും ചെയ്തു. തുടർന്ന് യോശുവയുടെ നേതൃത്വത്തിൽ പരാജയകാരണം അന്വേഷിക്കുന്നു. സ്വന്തം പാളയത്തിലുള്ള ആഖാൻ ആണ് പരാജയകാരണം എന്ന് അവർ തിരിച്ചറിയുന്നു. പരാജയത്തിൽ പതറിപ്പോകാതെ പാഠങ്ങൾ ഉൾ

ക്കൊണ്ട് മുന്നേറുന്നവർക്കാണ് യഥാർത്ഥ വിജയം.

ഇന്ന് ലോകത്തിൽ കാണുന്ന പല മൾട്ടിനാഷണൽ കമ്പനികളും പലതവണ പരാജയത്തിന്റെ കയ്പുനീർ കുടിച്ചവരാണ്. നമ്മുടെ ആത്മീയ ജീവിതത്തിലും പരാജയങ്ങൾ സംഭവിച്ചേക്കാം എന്നാൽ അതിന്റെ കാരണം കണ്ടെത്തുവാനുള്ള പരിശ്രമം നമ്മെ കൂടുതൽ കർമ്മോത്സുകരാക്കും. കർത്താവിനോട് ഞങ്ങൾക്കത് കഴിയാഞ്ഞത് എന്ത് എന്ന് ചോദിക്കുന്നതിലൂടെ തങ്ങളുടെ പരാജയം മറച്ചു വെക്കാൻ അവർ ശ്രമിക്കുന്നില്ല. ഈ ശിഷ്യന്മാർ പിന്നീട് നിരവധി പേരെ സൗഖ്യമാക്കി. കർത്താവിന്റെ മരണത്തിനു ശേഷം ശിഷ്യന്മാർ സുവിശേഷം പ്രസംഗിക്കുകയും രോഗികൾക്ക് സൗഖ്യം നൽകുകയും ചെയ്തു.

**3. അല്പവിശ്വാസത്തിൽ നിന്ന് ആഴമായ വിശ്വാസത്തിലേക്ക്**

ശിഷ്യന്മാരുടെ വിശ്വാസ കുറവിനെ കർത്താവ് ശാസിക്കുന്നു. ആഴമായ വിശ്വാസത്തിൽ ജീവിക്കുവാനും പ്രവർത്തിക്കുവാനും വിളിക്കപ്പെട്ടവർ അവരുടെ അല്പവിശ്വാസം കാരണം ശുശ്രൂഷയിലെ ആത്മീയ വരങ്ങൾ നഷ്ടപ്പെടുന്നു. ദൈവത്താൽ അസാധ്യമായി ഒന്നുമില്ല എന്നും ദൈവം തനിക്ക് വേണ്ടി പ്രവർത്തിക്കുമെന്നും ഒരു ഭക്തന്റെ ജീവിതത്തിൽ ഉറപ്പായും വിശ്വസിക്കുവാൻ കഴിയണം. കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ മലകളെ നീക്കുന്നത് ഉൾപ്പെടെയുള്ള അത്ഭുത സംഭവങ്ങൾ നടക്കും എന്ന് യേശു ഉദ്ബോധിപ്പിക്കുന്നു. ഒരു ചെറിയ കടുകുമണി ആണ് പിന്നീട് ഒരു വൃക്ഷമായി മാറുന്നത് ഒരു കടുകുമണിയിൽ ഒരു വൃക്ഷം ഒളിഞ്ഞിരിപ്പുണ്ട് എന്നുതന്നെ ഒരു അത്ഭുതമാണ് കടുകുമണി ഒരു ചെറിയ പദാർത്ഥമാണ് എന്നാൽ അതിന് വലിയ രൂപാന്തരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.

വിശ്വാസ സ്ഥിരതയുള്ള ഒരു സമൂഹം ആയിരിക്കണം സഭ. ഉത്തരാധുനിക ചിന്താഗതിയിൽ അതും ശരിയാണ് ഇതും ശരിയാണ് എന്ന മനോഭാവം വിശ്വാസത്തിൽ ഉറപ്പില്ലാത്തവരായി ഇല്ലാത്തവരായി നമ്മെ മാറ്റുന്നു.. സത്യവിശ്വാസത്തെ തിരിച്ചറിയുന്നതിനും അതിൽ ഉറച്ചുനിൽക്കുന്നതിനും സാധിക്കുമ്പോഴാണ് അത്ഭുതങ്ങൾ അനുഭവമാക്കുവാൻ കഴിയുന്നത്. ഇന്നത്തെ ആത്മീയ രംഗത്ത്, അത്ഭുതങ്ങൾ കണ്ടിട്ട് വിശ്വസിക്കാമെന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ കർത്താവ് പഠിപ്പിക്കുന്നത് വിശ്വാസത്തിലൂടെ അത്ഭുതങ്ങൾ കാണുവാനായിട്ടാണ്. അത്ഭുതങ്ങൾ കണ്ട് വിശ്വാസത്തിൽ വരുന്നവർ ജീവിതത്തിലെ ചെറിയ പ്രതിസന്ധികളിലും പതറിപ്പോകുന്നു. എന്നാൽ വിശ്വാസ ജീവിതത്തിലൂടെ അത്ഭുതങ്ങൾ കാണുന്നവർ ആഴമായ വിശ്വാസത്തിലേക്ക് വളരുന്നു. രോഗശാന്തി ശുശ്രൂഷയിൽ ഇന്ന് വികലമായ ഒരു കാഴ്ചപ്പാട് സമൂഹത്തിലുണ്ട്. ഇന്നത്തെ രോഗശാന്തി ശുശ്രൂഷകൾ കർത്താവ് പഠിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായി പോകുന്നുണ്ട്. അത്ഭുത രോഗശാന്തി ഇന്ന് ഒരു കച്ചവടമായി ചില സമൂഹങ്ങളിൽ എങ്കിലും മാറിയിട്ടുണ്ട്. രോഗം സൗഖ്യം ആയാൽ ഞാൻ വിശ്വസിക്കാം എന്ന് ചിന്തിക്കുന്ന കൂട്ടരാണ് ഈ കച്ചവട രോഗശാന്തിയിൽ അകപ്പെട്ടു പോകുന്നത്. ഇവിടെ അപസ്മാര രോഗിയെ സുഖപ്പെടുത്തുന്നതിലൂടെ കർത്താവ് ശിഷ്യന്മാരുടെ വിശ്വാസത്തെ ഒന്നുകൂടെ മെച്ചപ്പെടുത്തുവാൻ ശ്രമിക്കുന്നു. പ്രാർത്ഥനയാലും ഉപവാസത്താലും ആർജ്ജിച്ചെടുക്കേണ്ട ആത്മീയ ജീവിതത്തെക്കുറിച്ചാണ് കർത്താവ് പഠിപ്പിക്കുന്നത്.

പ്രിയരെ, ഇന്ന് ക്രിസ്തീയ ശുശ്രൂഷകൾ പലതും result oriented ആയി മാറിക്കൊണ്ടിരിക്കുന്നു. ഇല്ലാത്ത വരങ്ങൾ ഉണ്ടെന്ന് കാണിക്കുന്നതിനും ചെപ്പടി വിദ്യകൾ കാട്ടി അത്ഭുതങ്ങൾ കണ്ട് സായൂജ്യമണയുന്നതിനും സമൂഹം ശ്രമിക്കുന്നു. യഥാർത്ഥമായ പ്രാർത്ഥന ജീവിതവും ഉപവാസ അനുഭവവും ഇല്ലാതെ പോകുന്നു. ലോകത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം എങ്ങനെയെങ്കിലും വിജയിക്കുക എന്നതിലേക്ക് മാത്രം ശുശ്രൂഷാ സമൂഹം ശ്രദ്ധ തിരിക്കുന്നു. നമ്മുടെ ആധ്യാത്മിക ജീവിതത്തിൽ successful എന്നതിനേക്കാൾ പ്രാധാന്യം fruitful എന്നതിനായിരിക്കണം. അത് പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും നേടിയെടുക്കേണ്ടതാണ്. ക്രിസ്തു ഇല്ലാത്ത പ്രവർത്തനം അല്ല മറിച്ച് ക്രിസ്തുവിന്റെ നാമത്തിൽ ക്രിസ്തുവിനു വേണ്ടി പ്രവർത്തിക്കുന്നവരാണ് ശിഷ്യന്മാർ. പരാജയത്തിൽ പിന്മാറേണ്ടവർ അല്ല മറിച്ച് പരാജയ കാരണം അന്വേഷിച്ച് തിരുത്തേണ്ടവരാണ് ശിഷ്യന്മാർ. അല്പവിശ്വാസത്തിൽ അല്ല മറിച്ച് ആഴമായ വിശ്വാസത്തിൽ പ്രവർത്തിക്കേണ്ടവരാണ് ശിഷ്യന്മാർ.

അതിന് ഈ ധ്യാനചിന്ത നമ്മെ സഹായിക്കട്ടെ.

**പ്രസംഗക്കുറിപ്പ്**

**2022 ജനുവരി 23 എക്യുമെനിക്കൽ ഞായർ**

**1 ശമു. 7:1–5 എഫേ. 4:1–7**

**1 കൊരി. 12:12–20 വി. യോഹ. 15:1–12**



**ബ്ലസ്സൻ ബെഞ്ചമിൻ**
ഇ. ജെ. ഇൻസ്റ്റിറ്റ്യൂട്ട് കൊമ്പാടി

ക്രിസ്തു ശരീരമായ സഭ സ്നേഹത്തിൽ നിലനിൽക്കുവാനും ഐക്യത്തിൽ വളരുവാനും ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നു. കൂട്ടായ്മയുടെ സാക്ഷ്യം ലോകത്തിന് നൽകുവാൻ വിശ്വാസികൾക്ക് സാധിക്കുമ്പോഴാണ് ആത്മീയതയുടെ അർത്ഥം പൂർണ്ണമാകുന്നത്. ക്രൈസ്തവ ആത്മീയതയ്ക്ക് കൂട്ടായ്മ സ്വഭാവം ഉള്ളതിനാൽ അത് കൂട്ടായ്മയുടെ ആത്മീയത എന്നുകൂടി വിളിക്കപ്പെടാറുണ്ട്. കൊയ്നോണിയ എന്ന യവന പദത്തിൽ നിന്ന് പിറവിയെടുത്ത കമ്മ്യൂണിയൻ എന്ന പദം പൊതുവായ ഒരു ആശയത്തിൽ അടിസ്ഥാനപ്പെട്ട് ഒരുമിച്ച് നിൽക്കുന്നവരുടെ കൂട്ടായ്മയാണ് സൂചിപ്പിക്കുന്നത്. അപ്രകാരമുള്ള കൂട്ടത്തെ Community എന്നും വിശേഷിപ്പിക്കുന്നു. ഇത്തരത്തിൽ ചിന്തിക്കുമ്പോൾ യേശുവിനെ രക്ഷകനായി അംഗീകരിച്ച സമൂഹത്തിന്റെ പൊതു നാമമാണ് സഭ എന്ന് മനസ്സിലാക്കാം. ഭിന്നതയും അസഹിഷ്ണുതയും വിദ്വേഷവും വർദ്ധിക്കുന്ന ഇക്കാലത്ത് ക്രിസ്തു വിശ്വാസികൾ ലോകത്തിന് ഐക്യത്തിന്റെ നവ്യാനുഭവങ്ങൾ നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ശരീരമായിരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭയുടെ നിയോഗപൂർത്തീകരണം ഏറെ സങ്കീർണ്ണമാക്കുന്ന സമകാലിക സാഹചര്യങ്ങളിൽ



ഐക്യത്തെക്കുറിച്ചുള്ള ആത്മീയ ചിന്തകൾക്ക് ഏറെ പ്രാധാന്യമുണ്ട്.

വി. യോഹന്നാൻ 13 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങൾ ക്രിസ്തു നൽകുന്ന സുദീർഘമായ ഒരു പ്രസംഗത്തിന്റെ വിവരണമാണ്. യഹൂദന്മാരുടെ പെസഹാപെരുന്നാൾ ആചരണത്തിൽ കുടുംബത്തിന്റെ തലവൻ തങ്ങളുടെ പൂർവ്വ കാലത്തെ സ്മരിച്ചുകൊണ്ട് നടത്തുന്ന സുദീർഘമായ പ്രഭാഷണത്തിന്റെ ശൈലിയാണ് ഇവിടെയും കാണുന്നത്. വിടവാങ്ങൽ പ്രസംഗം എന്നും അറിയപ്പെടുന്ന ഈ അദ്ധ്യായങ്ങളിൽ യേശുവിന്റെ പ്രസംഗങ്ങളുടെ ക്രോഡീകരണമാണ് യോഹന്നാൻ നിർവ്വഹിക്കുന്നത്. യേശുവിന്റെ..... ഞാൻ ആകുന്നു. പ്രസ്താവനകളിൽ ഒന്നായ "ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു" എന്ന് പറഞ്ഞ് ആരംഭിക്കുന്ന ഈ ഭാഗം ഫലകരമായ ക്രിസ്തീയ ജീവിതത്തിന് സജീവമായ ദൈവബന്ധവും വചനാധിഷ്ഠിത ജീവിതക്രമവും അനിവാര്യമാണെന്ന് ഓർമ്മിപ്പിക്കുന്നു.

സഭ: ... ശരീരമായിരിക്കുവാൻ ചേർക്കപ്പെട്ടവർ എന്ന വിഷയം ധ്യാനിക്കുന്ന ഈ സന്ദർഭത്തിൽ സഭാഐക്യത്തെ മുൻനിർത്തി മൂന്ന് ചിന്തകൾ വിചിന്തനം ചെയ്യാം.

1. **ഐക്യം:പരസ്പര്യതയിൽ ഫലകരമാകേണ്ട ബന്ധം.**

പാലസ്തീനിലെ ജനങ്ങൾക്ക് വളരെ പരിചിതമായിരുന്ന മുന്തിരിച്ചെടിയുടെ പ്രതിരൂപം അടിസ്ഥാനമാക്കി ചില സത്യങ്ങൾ കർത്താവ് വെളിപ്പെടുത്തുന്നു. സ്വയം സാക്ഷാൽ മുന്തിരിവള്ളിയെന്നും ശിഷ്യൻമാർ കൊമ്പുകളെന്നും പിതാവായ ദൈവം മുന്തിരിത്തോട്ടത്തിന്റെ തോട്ടക്കാരനുമെന്ന് യേശു പറഞ്ഞു. പഴയ നിയമത്തിലും യിസ്രായേലിനെ മുന്തിരിവള്ളിയായും പിതാവാം ദൈവത്തെ തോട്ടക്കാരനായും ചിത്രീകരിച്ചുകൊണ്ട് നല്ല ഫലം കാത്തിരുന്നപ്പോൾ കാട്ടുമുന്തിരിങ്ങ കായിച്ചതിനെക്കുറിച്ച് രേഖപ്പെടുത്തുന്നുണ്ട്. യിസ്രായേൽ എന്ന നിഷ്ഫലമായിത്തീർന്ന മുന്തിരിവള്ളിക്ക് പകരം ക്രിസ്തു യഥാർത്ഥ മുന്തിരിവള്ളിയായി തന്നെ കരാർ പ്രദർശിപ്പിച്ചിരുന്നു. മുമ്പ് മുന്തിരിവള്ളി നട്ട് പരിപാലിച്ച് നല്ല ഫലത്തിനായി കാത്തിരുന്ന യജമാനൻ ഇവിടെ നല്ല ഫലം ലഭിക്കുവാൻ തക്കവണ്ണം കായിക്കാത്ത കൊമ്പിനെ നീക്കികളയുകയും കായിക്കുന്നവയെ അധികഫലം ലഭിക്കുവാൻതക്കവണ്ണം ചെത്തി വെടിപ്പാക്കുകയും ചെയ്യുന്നു. ഇതിലൂടെ ശ്രമകരമായി തീരുക എന്നത് ഒരു അനിവാര്യതയാണെന്ന് വെളിവാകുന്നു. ഇപ്രകാരമായി തീരുന്നതിന് പാരസ്പര്യതയുടെ അനുഭവം ഉണ്ടാകേണ്ടിയിരിക്കുന്നു. നല്ല ഫലം ഉണ്ടാകേണ്ടതിന് കൊമ്പുകൾ മുന്തിരിവള്ളിയോടും ക്രിസ്തു ശിഷ്യന്മാർ ക്രിസ്തുവിനോടും പാരസ്പര്യതയിൽ ചേർന്നിരിക്കണം. ഈ പാരസ്പര്യതയുടെ ഫലദായകത്വമാണ് എന്നിൽ വസിപ്പിൻ. ഞാൻ നിങ്ങളിലും വസിക്കും എന്ന ക്രിസ്തു വചനം. ഒരുത്തൻ എന്നിലും ഞാൻ അനവിലും വസിക്കുമെങ്കിൽ അവൻ വളരെ ഫലം കായിക്കും. ഈ വാക്യങ്ങളിൽ വെളിവാകുന്നത് സഭ ഐക്യം അർത്ഥവത്താകുന്നത് സഭകൾ തമ്മിൽ ക്രിസ്തു ബന്ധത്തിൽ പാരസ്പര്യതയുടെ ഹൃദ്യമായ അനുഭവങ്ങളിലൂടെ ഫലകരമായ നിലനിൽപ്പ് സാധ്യമാകുമ്പോഴാണ്. ആയതിന് ഇടയാകുന്നില്ലെങ്കിൽ ഫലശൂന്യമായ കൊമ്പുകൾ നീക്കികളയുന്നത് പോലെ പാരസ്പര്യതയെ ഹനിക്കുന്ന ഭിന്നതയുടേയും അസഹിഷ്ണുതടേയും അനുഭവങ്ങൾ തള്ളപ്പെടലിനും നാശത്തിനും കാരണമായിത്തീരും.

**2. ഐക്യം: വചനത്താൽ ശുദ്ധമാകേണ്ട ബന്ധം**

മുന്തിരിച്ചെടിയിൽ ശുദ്ധീകരണത്തിന്റെ വിവിധ ക്രിയകൾ ചെയ്യുന്ന തോട്ടക്കാരൻ അതിൽ നിന്നും ചീത്തഫലത്തിന്റെ സാധ്യതകളെ അശേഷം നീക്കിക്കളയുന്നു. അപ്രകാരം ക്രിസ്തുവാകുന്ന മുന്തിരിവള്ളിയോട് ചേർന്ന കൊമ്പുകളാക്കുന്ന ശിഷ്യൻമാർക്ക് ശുദ്ധീകരണത്തിന് ദൈവബന്ധത്തിൽ അനുഗ്രഹകരമായ നിലനിൽപ്പിനും നൽകപ്പെട്ടിരിക്കുന്ന ആയുധമാണ് ദൈവവചനം. 'ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു (വാക്യം-3) നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ, അത് നിങ്ങൾക്ക് കിട്ടും. (വാക്യം- 7) എന്നീ വാക്യങ്ങളിൽ വെളിപ്പെടുന്നത് ഈ ചിന്തയാണ്. പാപത്തിന്റെ അശുദ്ധികൾ നീക്കി ശുദ്ധീകരണം നൽകുകയും വചനത്തോടുള്ള അനുസരണം അനുഗ്രഹത്തിന് കാരണമാകുകയും ചെയ്യുന്നു. വചനത്തിന്റെ ശക്തിയിൽ ശിഷ്യസമൂഹം കൂടുതൽ ഫലകരമായ ദൗത്യത്തിന് ഒരുക്കപ്പെടുകയും ലോകത്തിൽ ശ്രദ്ധേയമായ ശുശ്രൂഷകൾ നിർവ്വഹിക്കുകയും അതിലൂടെ പിതാവായ ദൈവം മഹത്വപ്പെടുകയും

ചെയ്യുന്നു. അർത്ഥവത്തായ സഭാഐക്യം ലോകത്തിൽ സാദ്ധ്യമാകുന്നതും വചനത്തിന്റെ ശക്തിയിൽതന്നെയാണ്. കാലത്തിന്റെ പോക്കിൽ സഭകൾ തമ്മിലുള്ള ബന്ധത്തിൽ ഉണ്ടായിട്ടുള്ള അപജയങ്ങൾ തിരുത്തപ്പെടേണ്ടത് വചനത്തിന്റെ വെളിച്ചത്തിലാണ് അപ്രകാരം തിരുത്തലുകൾ ഉണ്ടാകുമ്പോൾ സഭകളുടെ സാന്നിദ്ധ്യം ഇന്നും ഏറെ സംഗതമാകുകയും ലോകത്തിന്റെ വെല്ലുവിളികളോട് ക്രിയാത്മകമായും ശക്തമായും പ്രതികരിക്കുവാൻ സാധിക്കുകയും ദൈവനാമം സഭയിലൂടെ മഹത്വപ്പെടുവാൻ ഇടയായിത്തീരുകയും ചെയ്യും.

**3. ഐക്യം സ്നേഹത്തിൽ പൂർണ്ണമാകേണ്ട ബന്ധം.**

മുന്തിരിവള്ളി, കൊമ്പുകൾ, തോട്ടക്കാരൻ, എന്നീ പ്രതിരൂപങ്ങളിൽ ആരംഭിച്ച പിതാവാം ദൈവവും പുത്രനും ശിഷ്യന്മാരും തമ്മിലുള്ള ബന്ധത്തിന്റെ വിവരണം സ്നേഹത്തിന്റെ തലത്തിലേക്ക് മാറുകയാണ്. എട്ട് മുതൽ 12 വരെയുള്ള വാക്യങ്ങളിൽ ഇത് നാം കാണുന്നു. പിതാവാം ദൈവം തന്നെ സ്നേഹിക്കുന്നു എന്നും താൻ അത്പോലെ തന്റെ ശിഷ്യന്മാരെ സ്നേഹിക്കുന്നു എന്ന് യേശു പറയുന്നു. ഈ സ്നേഹത്തിൽ ശിഷ്യന്മാർ എന്നും നിലനിൽക്കണമെന്ന ഉപദേശവും നൽകുന്നു. ബന്ധങ്ങള അർത്ഥപൂർണ്ണമായി നിലനിർത്തുന്നതും പൂർണ്ണമാക്കുന്നതുമായ ശക്തിയായി ഇവിടെ സ്നേഹത്തെ സൂചിപ്പിക്കുന്നു. ശിഷ്യന്മാർക്ക് ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ ജീവിക്കുവാൻ ആയതിന്റെ പ്രകടഭാവമായ ക്രിസ്തുവിന്റെ കൽപ്പനകൾ അനുസരിക്കണമെന്നും യേശു ഓർമ്മിപ്പിക്കുന്നു. സ്നേഹം അർത്ഥപൂർണ്ണമാകുന്നത് ക്രൂശിൽവെളിപ്പെട്ടത്പോലെ സ്വയം ത്യാഗത്തിന്റെ മനോഭാവം അതിൽ നിറയുമ്പോഴാണ്. ഇങ്ങനെ സ്നേഹിക്കുമ്പോൾ അതിന്റെ തുടർച്ചയായി സന്തോഷത്തിന്റെ പൂർണ്ണതയും ഉണ്ടാകുന്നു. സഭകളുടെ ഐക്യവും പൂർണ്ണമാകുന്നത് വ്യത്യസ്തതകളുടെ മദ്ധ്യത്തിലും സ്നേഹത്തിൽ സന്തോഷത്തിന്റെ പൂർണ്ണത കൈവരിക്കുവാൻ സാധിക്കുമ്പോഴാണ്. ഇതിന് സ്വാർത്ഥതയേയും മുൻവിധികളേയും അതിജീവിച്ച് ക്രിസ്തുവിന്റെ കൽപ്പനകളോട് പൂർണ്ണ അനുസരണമുള്ള ജീവിതക്രമം ആവശ്യമായിരിക്കുന്നു.

## മദ്ധ്യസ്ഥ പ്രാർത്ഥന

മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസവും മൂന്നാം ബുധനാഴ്ച നടത്തി വരുന്ന മദ്ധ്യസ്ഥ പ്രാർത്ഥന 2022 ജനുവരി 19-ാം തീയതി 10 മണിക്ക് കൊമ്പാടി ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. ഏവരുടെയും പ്രാർത്ഥനയും സാന്നിദ്ധ്യവും ക്ഷണിക്കുന്നു. പ്രാർത്ഥനാവിഷയങ്ങൾ 0469-2602907 എന്ന നമ്പറിൽ അറിയിക്കുക.


ചോർച്ചയിൽ നിന്നും ചൂടിൽ നിന്നും
ശാശ്വത പരിഹാരം



A Permanent Solution for
Concrete Building Leakage

**KALAYIL ENGINEERING COMPANY**

SSI.Reg.No.01/13/0368
Market Road, Opp.Electric Sub Station
Pathanamthitta -689 645
**09447278224, 09497316224** (M)
e-mail: mathewkalayilpta@gmail.com

We undertake structural Truss Work with Aluminium, P.V.C., Galvanized Sheet, And all kinds of Fabrication work such as Gates, grills and Aluminium Fabrication

പ്രസംഗക്കുറിപ്പ്

**2022 ജനുവരി 30 ഞായർ**
**2 ശമു. 24:15–25 അ. പ്ര. 11:27–30**
**റോമ. 8:22–28 വി. മർക്കൊ. 6:53–56**

# വിശ്വാസ ദൃഢതയിലേക്ക് നയിക്കേണ്ട മഹാവ്യാധി




**റവ. വിനീത് മാത്യു**
നൂറനാട് ശാലേം മാർത്തോമ്മാ ചർച്ച്

ഗെന്നേസരത്തിലെ രോഗികളെ യേശുക്രിസ്തു സൗഖ്യമാക്കുന്ന വിവരണമാണ് ഇന്നത്തെ വേദഭാഗത്തെ പ്രതിപാദ്യം. യേശു പരമവൈദ്യൻ എന്ന ചിത്രമാണ് ആദിമ സഭയിൽ ഏറ്റവും ആഴമായി കാണുന്നത്.

രോഗസൗഖ്യം യേശുവിന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ്. യേശു വൈദ്യനെന്ന് സ്വയം സംബോധന ചെയ്തിട്ടുണ്ട്. ശാരീരികവും, മാനസികവും, ആത്മീയവും ആയ പൂർണ്ണ ആളത്വത്തിലേക്ക് ജനങ്ങളെ രൂപാന്തരപ്പെടുത്തുകയാണ് യേശുവിന്റെ സൗഖ്യദായക ശുശ്രൂഷയിൽ നാം ദർശിക്കുന്നത്.

ദൈവരാജ്യ ശുശ്രൂഷക്കായി ശിഷ്യരെ നിയോഗിച്ച് അയയ്ക്കുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ, രോഗികളെ സൗഖ്യമാക്കുവിൻ, മരിച്ചവരെ ഉയർപ്പിപ്പിൻ, കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ, ഭൂതങ്ങളെ പുറത്താക്കുവിൻ എന്ന് യേശു കർത്താവ് പ്രഖ്യാപിച്ചു.

സൗഖ്യമാക്കുക എന്നതിന് പഴയനിയമത്തിൽ പ്രധാനമായും ഉപയോഗിക്കുന്ന പദം റാഫാ എന്നാണ്. അക്ഷരാർത്ഥത്തിൽ കേടുപോക്കുക എന്നാണ് ഈ പദം വിവക്ഷിക്കുന്നത്. സൗഖ്യമാക്കുക എന്ന



പദത്തിന് പഴയനിയമത്തിൽ പ്രധാനമായും ശാരീരിക സൗഖ്യം എന്ന അർത്ഥം ആണ്. സൗഖ്യം നൽകുന്നത് ദൈവമാണ്.

ദൈവത്തിന്റെ കൈപ്പണിയായ മനുഷ്യർ സൗഖ്യത്തിനായി ദൈവത്തിങ്കലേക്ക് തിരിയണം. ദൈവജനം അധർമ്മം ഉപേക്ഷിച്ച്, അനുതാപത്തോടെ ദൈവത്തിലേക്ക് തിരിയുന്നത് മൂലം ലഭിക്കുന്ന സാമൂഹ്യസൗഖ്യത്തിനും റാഫാ എന്ന അർത്ഥമുണ്ട്. ദൈവത്തിൽ നിന്നുള്ള പിന്മാറ്റം സമൂഹത്തിന്റെ രോഗമാണ്. അധർമ്മം ഇല്ലാതെ ആകുമ്പോഴാണ് സൗഖ്യം വന്നുചേരുന്നത്. സുഖമാക്കുക എന്നതിന് പുതിയ നിയമത്തിൽ 3 പദങ്ങൾ ഉപയോഗിക്കുന്നു.

1. ***തെറാപ്യഓ (Therappio)***

   ***ചികിത്സിക്കുക, സുഖപ്പെടുത്തുക, സൗഖ്യമാക്കുക എന്നീ അർത്ഥങ്ങൾ ഇതിനുണ്ട്.***

2. ***യിയാഓമായ് (Yiyaomai)***

   ***സുഖപ്പെടുത്തുക എന്നർത്ഥം***

3. ***സോഡ്സോ (Sodzo)***

   ***രക്ഷിക്കുക എന്നാണ് വിവക്ഷ.***

യേശു രോഗികളെ നേരിട്ട് കാണുമ്പോൾ കൂടുതൽ ഉപയോഗിച്ചിരിക്കുന്നത് സോഡ്സോ എന്ന പദമാണ്. മനുഷ്യരെ സമ്പൂർണ്ണരാക്കുക എന്നതാണ് ഇതിന്റെയർത്ഥം. രക്തസ്രവമുള്ള സ്ത്രീ ചിന്തിച്ചത് യേശുവിന്റെ വസ്ത്രം മാത്രം ഒന്നു തൊട്ടാൽ എനിക്ക് സൗഖ്യം വരും എന്നായിരുന്നു. പുരുഷാരത്തിൽ കൂടി പുറകിൽ വന്ന് അവന്റെ വസ്ത്രം തൊട്ടു. ക്ഷണത്തിൽ സൗഖ്യമായി. മകളെ ധൈര്യപ്പെടുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു എന്നാണ് കർത്താവ് പറഞ്ഞത്. യേശുവിന്റെ സൗഖ്യമാക്കുന്ന സംഭവങ്ങളിൽ ഒരു സവിശേഷ ക്രമം നമുക്ക് കാണാം. യേശുവിനെ സമീപിക്കുക, യേശുവിൽ വിശ്വസിക്കുക, യേശുവിനെ സ്പർശിക്കുക, രക്ഷപ്രാപിക്കുക, രോഗവിമുക്തരാകുക, കുഷ്ഠരോഗികൾ ശുദ്ധരാക്കുക, സമാധാനത്തോടെ പോകുക, സന്തോഷമാക്കുക. യേശുവിന്റെ സൗഖ്യമാക്കൽ പ്രവർത്തനങ്ങളിൽ സ്വാർത്ഥപരമായ താല്പര്യമോ, പ്രസിദ്ധിയോ ഒന്നും ഉണ്ടായിരുന്നില്ല. സ്വയം രക്ഷിക്കുന്നതിനോ, ദൗത്യം നിർവ്വഹിക്കുന്നതിനോ, അതിശയങ്ങളെ യേശു ഉപയോഗപ്പെടുത്തിയിട്ടില്ല. തന്റെ ശക്തിയെ പ്രദർശനത്തിന് യേശു ഉപയോഗിച്ചില്ല. പ്രതിഫലേച്ഛ ഇല്ലാതെ ത്യാഗോജ്ജ്വലമായ ശുശ്രൂഷ ചെയ്യാനാണ് കർത്താവ് ശിഷ്യരെ ആഹ്വാനം ചെയ്തത്.

ജ്വരബാധയുള്ളവരെയും, കുഷ്ഠരോഗികളെയും തൊടുന്നതിന് യഹൂദ പഠിപ്പിക്കൽ അനുവദിക്കാതെ ഇരുന്നപ്പോൾ യേശു അവരെ തൊട്ട് സൗഖ്യമാക്കി. ദൈവരാജ്യത്തിൽ രോഗവും, പീഡയും അല്ല പിന്നെയോ, സൗഖ്യവും പൂർണ്ണതയും ആണെന്ന് തന്റെ സൗഖ്യമാക്കൽ പ്രവർത്തികളിലൂടെ കർത്താവ് വ്യക്തമാക്കി. മനുഷ്യരെ പൂർണ്ണതയിലേക്ക് കൊണ്ടുവരാൻ അന്നത്തെ സാമൂഹ്യ, മത അതിരുകളെ കർത്താവ് ലംഘിച്ചു. വരണ്ട കൈയ്യുള്ളവനെയും, കൂനിയായ സ്ത്രീയെയും സൗഖ്യമാക്കിയ കർത്താവ് അവരെ ദൈവാലയത്തിന്റെയും സമൂഹത്തിന്റെയും മുഖ്യധാരയിൽ കൊണ്ടുവന്ന് അവർക്ക് അന്തസ്സോടെ ജീവിക്കാനുള്ള സാഹചര്യമാണ് ഒരുക്കിയത്. നിസ്സഹായരോടും, ഹതഭാഗ്യരോടും, സമൂഹം ഭ്രഷ്ടരാക്കിയവരോടും ഉള്ള യേശുവിന്റെ ആർദ്രതയും, കരുണയും രോഗികളെ സൗഖ്യമാക്കിയ പ്രവർത്തനങ്ങളിൽ നമുക്ക് കാണാം.

ഇന്നത്തെ വേദഭാഗത്ത് നിന്നും 3 ചിന്തകൾ നമുക്ക് ധ്യാനിക്കാം.

### 1. യേശുക്രിസ്തു സകല ജനതകൾക്കും സൗഖ്യദായകൻ

യേശുക്രിസ്തു ഗെന്നസരേത്ത് ദേശത്ത് വന്ന് പടകിൽ നിന്ന് ഇറങ്ങിയ ഉടനെ ജനങ്ങൾ അവനെ അറിഞ്ഞു. അവർ നാട്ടിൽ ഒക്കെയും ചുറ്റി ഓടി. അവൻ ഉണ്ട് എന്ന് കേൾക്കുന്ന ഇടത്തേക്ക് രോഗികളെ കിടക്കയിൽ എടുത്തുകൊണ്ടു വന്നു. ജനങ്ങളോടൊത്ത് ജീവിക്കുകയും പ്രവർത്തിക്കുകയും അവരോടൊത്ത് വസിക്കുകയും അവരുടെ നിരാശകളിലും പ്രത്യാശകളിലും ചേർന്നുനിൽക്കുന്നവനാണ് യേശുക്രിസ്തു. ജാതി, മത, വർഗ്ഗ, വർണ്ണ വിവേചനമില്ലാതെ ദരിദ്രരോടും, ചിന്നിയവരോടും, കുഴഞ്ഞവരോടും പ്രത്യേക കരുതൽ ഉള്ള ക്രിസ്തു സർവ്വ ജനതകളുടെയും സൗഖ്യദായകനാണ്. സർവ്വ ജനത്തിനുമുള്ള മഹാസന്തോഷമാണ് ദൂതൻ ആട്ടിടയന്മാർക്ക് നൽകുന്നത്. ചെകിടർ, കുരുടർ, മുടന്തർ, അന്ധർ, പക്ഷപാതക്കാർ, കുഷ്ഠരോഗികൾ, ഭൂതബാധിതർ തുടങ്ങി എല്ലാവരെയും സ്നേഹിക്കുന്ന, പൂർണ്ണരാക്കുന്ന വ്യക്തിത്വമാണ് ക്രിസ്തു. ബേഥെസ്ദാ കുളത്തിന്റെ കരയിൽ കിടന്നിരുന്ന 38 വർഷമായ

രോഗിയും, തിമായിയുടെ മകനായ ബർത്തിമായിയും, കനാന്യ സ്ത്രീയുടെ മകളും, ശതാധിപന്റെ ദാസനും, തുടങ്ങി സകലരെയും ക്രിസ്തു സൗഖ്യമാക്കി. രോഗികളെ സൗഖ്യമാക്കുന്ന ദൈവരാജ്യ ശുശ്രൂഷ

തുടരേണ്ടത് ക്രിസ്തുശരീരമാകുന്ന സഭയിലൂടെയാണ്. സാധുകൊച്ചൂഞ്ഞ് ഉപദേശിയും സംഘവും കോളറ ബാധിത പ്രദേശങ്ങളിൽ പോയി അവരെ ശുശ്രൂഷിച്ചത് നമുക്ക് ഒരു മാതൃകയാണ്. സുവിശേഷം എല്ലാവർക്കും, എല്ലായിടത്തും എന്ന ചിന്തയാണ് നമുക്കാവശ്യം. എല്ലാ ജനങ്ങൾക്കും സുഖം വരുത്തുന്ന, പൂർണ്ണത നൽകുന്ന സൗഖ്യമാക്കൽ ശുശ്രൂഷക്കായി നാം വിളിക്കപ്പെട്ടിരിക്കുന്നു.

**2. ജീവിതത്തിന്റെ സമസ്തമേഖലകളിലും സന്നിഹിതനാകുന്ന ക്രിസ്തു**

ഊരുകളിലോ, പട്ടണങ്ങളിലോ, കുടികളിലോ അവൻ ചെന്നടത്തൊക്കെയും അവർ ചന്തകളിൽ രോഗികളെ കൊണ്ടുവന്നു വെച്ചു. അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊടേണ്ടതിന് അപേക്ഷിക്കുകയും അവനെ തൊട്ടവർക്ക് ഒക്കെയും സൗഖ്യം വരികയും ചെയ്തു (വാക്യം 56). എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ് ക്രിസ്തു. പാലസ്തീനിലെ പൊടിപിടിച്ച വഴികളിലൂടെ മനുഷ്യ ജീവിതത്തിന്റെ രക്തം വാർന്നൊഴുകുന്ന ഇടങ്ങളിലേക്ക് യാത്ര ചെയ്തവനാണ് കർത്താവ്. കടൽക്കരയിലും, നിർജ്ജന പ്രദേശത്തും, തടാകത്തിന്റെ അക്കരയിലും, വിളഭൂമിയിലും, സുനഗോഗിലും, മലയിലും, യെരുശലേമിലും, ഗദരദേശത്തും, തോട്ടത്തിലും, ഊരുകളിലും, പട്ടണങ്ങളിലും, കുടികളിലും, ചന്തകളിലും ഒക്കെ സന്നിഹിതനാകുന്ന ക്രിസ്തു എല്ലാവർക്കും എല്ലായിടത്തും സമീപസ്ഥനായ സ്നേഹിതനും, സൗഖ്യദായകനുമാണ്. നമുക്ക് സൗകര്യപ്രദവും, സുഖകരവും, സുഗമവുമായ ഇടങ്ങളിൽ മാത്രം പരിമിതപ്പെടുന്ന ശുശ്രൂഷക്കല്ല നമ്മുടെ നിയോഗം. ഒരു ദേശത്തെയും മാറ്റി നിർത്താതെ എല്ലായിടത്തേക്കും സുവാർത്തയുമായി, സുവിശേഷവുമായി നാം പുറപ്പെട്ടു പോകണം. തിരുവിതാംകൂറിൽ മാത്രം ഉണ്ടായിരുന്ന നമ്മുടെ സഭയെ വിശാലമായ ലോകത്തിലേക്ക് കൊണ്ടുപോയ സുവിശേഷകർ, വൈദികർ, ദൈവജനം എന്നിവരുടെ ത്യാഗോജ്ജ്വലമായ ശുശ്രൂഷകളെ നാം തിരിച്ചറിയണം.

**3. ക്രിസ്തുവിന്റെ സൗഖ്യദായക ശക്തിയിൽ വിശ്വാസം അർപ്പിച്ച ജനസമൂഹം**

ഗെന്നസരത്തിൽ യേശു ഉണ്ട് എന്ന് കേൾക്കുന്ന ഇടത്തേക്ക് ദീനക്കാരെ അവർ കിടക്കയിൽ എടുത്തുകൊണ്ടു വന്നു. അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊടേണ്ടതിനു അവർ അപേക്ഷിക്കുകയും തൊട്ടവർക്ക് സൗഖ്യം വരികയും ചെയ്തു. വിശ്വാസം സൗഖ്യം പ്രാപിക്കാനുള്ള മുഖാന്തരമാണ്. കാരുണ്യവാനായ ദൈവത്തിന്റെ ശക്തിയിലും കൃപയിലും ഉള്ള പൂർണ്ണ ആശ്രയമാണ് വിശ്വാസം. വിശ്വാസം മൂലം ശാരീരിക സൗഖ്യവും, പൂർണ്ണ ആരോഗ്യവും, രക്ഷയും ലഭിക്കുന്നു. ദൈവവുമായി മനുഷ്യന്റെ ബന്ധത്തിലുള്ള അടിസ്ഥാന ഘടകമാണ് വിശ്വാസം. ദൈവത്തിൽ/യേശുക്രിസ്തുവിൽ ഉള്ള പൂർണ്ണ വിധേയത്വവും ആശ്രയവും ശരണവുമാണ് വിശ്വാസം. യേശുവിനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ച ദൈവമാണ് ക്രിസ്തുവിൽ കൂടി മാനവർക്ക് രക്ഷ സാദ്ധ്യമാക്കി തീർക്കുന്നത്.

ഈ വിധത്തിൽ ക്രിസ്തുവിലുള്ള ദൈവത്തിന്റെ രക്ഷാപ്രവൃത്തിയെ അംഗീകരിക്കുന്നതാണ് വിശ്വാസം.

നമ്മുടെ ചെറിയ വിശ്വാസത്തിലൂടെ ഏതു തടസ്സങ്ങളെയും അതിജീവിക്കാനും, സാഹചര്യങ്ങളെ മാറ്റുവാനും കഴിയും. വിശ്വാസം എന്നത് മനുഷ്യന്റെ നേട്ടമല്ല പിന്നെയോ ദൈവത്തിന്റെ അളവറ്റ നന്മയിലുള്ള ആശ്രയമാണ്. രോഗശയ്യയിൽ കൂടെയിരിക്കുന്ന, എല്ലാ രോഗങ്ങൾക്കും നല്ല വൈദ്യനായ, രോഗകിടക്കയെ മാറ്റിവിരിക്കുന്ന, രോഗം നീക്കും മരുന്നായ കർത്താവിന്റെ കരുണയിലും, ദയയിലും, ആർദ്രതയിലും ഉള്ള അചഞ്ചലമായ ആശ്രയമാണ് സൗഖ്യത്തിന് മുഖാന്തിരമാകുന്നത്.

രോഗത്തിന്റെ മദ്ധ്യത്തിൽ എന്റെ കൃപ നിനക്കു മതി എന്ന കർത്താവിന്റെ വാഗ്ദത്തം അതിജീവനത്തിന്റെ പ്രചോദനമാണ് നമുക്ക് നൽകുന്നത്.

ആഴമായ സമർപ്പണത്തോടും, ആശ്രയത്തോടും ക്രിസ്തുവിലേക്ക് അടുത്തു വരുമ്പോൾ ദൈവിക ഇടപെടലുകൾ ഉണ്ടാകുകയും അത് ജീവിതത്തെ പൂർണ്ണതയിലേക്ക് നയിക്കുകയും ചെയ്യും. ഗന്നസരേത്ത് ദേശത്തെ ജനങ്ങളെപ്പോലെ സൗഖ്യദായകനായ കർത്താവിനാൽ പൂർണ്ണരായി അപൂർണ്ണതയുള്ളവരെ സൗഖ്യത്തിലേക്ക് നയിക്കാൻ ദൈവം നമ്മെ പ്രാപ്തരാക്കട്ടെ.


പ്രസംഗക്കുറിപ്പ്

**ഫെബ്രുവരി 6 മെഡിക്കൽ മിഷൻ ഞായർ**

**സംഖ്യ. 12:1–16** **യാക്കോബ് 5:13–20**

**അപ്പോ. പ്ര. 9:32–35** **മർക്കോസ് 5:25–34**

# ശരീരാത്മ ദേഹികളുടെ സൗഖ്യം



**റവ. ഷിബു ശമുവേൽ**
സൂപ്രണ്ട് ജൂബിലി മന്ദിരം കൊട്ടാരക്കര



2022 ഫെബ്രുവരി 6 ഞായർ മെഡിക്കൽ മിഷൻ ഞായറായി മാർത്തോമ്മാ സഭ ആചരിക്കുകയാണ്.ശരീരാത്മദേഹികളുടെ സൗഖ്യം എന്ന വിഷയം പഠിക്കുന്ന ദിനമാണ്. ഈ മഹാമാരിയുടെ കാലഘട്ടത്തിൽ എന്തുകൊണ്ടും സമഗ്രമായ സൗഖ്യത്തെക്കുറിച്ചും ദൈവത്തിന്റെ ഇടപെടലിലും ചിന്തിക്കുന്നത് ഏറെ സംഗതമാണ്. മഹാമാരികൾ സാധാരണ ജീവിതത്തെതന്നെ ബാധിക്കുകയും അനേകർക്ക് അത് മാരകമായി തീരുകയും ചെയ്ത ഈ കാലഘട്ടത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു ചോദ്യം ഈ പ്രതിസന്ധി കാലഘട്ടത്തിൽ ദൈവം എവിടെ എന്നതാണ്.അതോ ദൈവം അറിയാതെ സംഭവിച്ചതാണോ ഇത് എന്ന മറുചോദ്യവും ഏറെ പ്രസക്തമാണ്. ദൈവീക ശാപത്തിന്റെ അടയാളമായോ ദൈവത്തിന്റെ ന്യായവിധിയുടെ ഭാഗമായോ ഇതിനെ കാണുന്നവരുമുണ്ട്. എന്നാൽ ഈ മഹാമാരി നമ്മെ പഠിപ്പിച്ച മറ്റൊരു സത്യം ഒരാളിന്റെ നിലനിൽപ്പിനും അതിജീവനത്തിനും അപരന്റെ ജീവിതവും ഇടപെടലും ഏറെ പ്രാധാന്യം ഉള്ളതാണെന്നാണ്.

യേശു തന്റെ പരസ്യ ശുശ്രൂഷയിൽ അനേകം രോഗികളെ സൗഖ്യമാക്കിയത് സുവിശേഷങ്ങളിൽ നാം വായിക്കുന്നു.സമൃദ്ധമായ ജീവന്റെ പ്രതീകമായിരുന്നു യേശുവിന്റെ രോഗശാന്തി ശുശ്രൂഷ. മർക്കൊസ് 5:26 ലും ലൂക്കൊസ് 8:34 ലും സ്ത്രീയുടെ രോഗ കാഠിന്യം വ്യക്തമാക്കുന്നു.ഗദരദേശത്ത് പാർത്ത ഭൂതഗ്രസ്തനെ സൗഖ്യമാക്കി അവനെ യഥാസ്ഥനപ്പെടുത്തിയ ക്രിസ്തു ഇക്കരെ കടന്നു.കടലരികെ ഇരിക്കുമ്പോൾ വളരെ പുരുഷാരം അവനരികെ വന്നു കൂടി (വാ.22)ഗദരദേശത്തെ സൗഖ്യമാക്കലിനു ശേഷം തിരസ്കരണമാണങ്കിൽ (വാ.17) ഇക്കരെ വളരെ ആദരപൂർവ്വമായ സ്വീകരണമാണ് (വാ.24) യേശുവിന് ലഭിക്കുന്നത്.തുടർന്ന് നടക്കുന്ന സംഭവമാണ് ഇന്നത്തെ ധ്യാനത്തിന് ആധാരം.ക്രിസ്തുവിന്റെ സൗഖ്യദായക ശുശ്രൂഷയുടെ മൂന്ന് മാനങ്ങൾ നമുക്ക് ധ്യാനിക്കാം.

### 1. ശരീരാത്മദേഹികളുടെ സൗഖ്യം സാമൂഹ്യ ബന്ധങ്ങളുടെ പുന:സ്ഥാപനത്തിലൂടെ

ലേവ്യ പുസ്തകം 15:25 അനുസരിച്ച് പൊതുസ്ഥലത്ത് ഒരു രക്തസ്രാവകാരി സ്ത്രീക്ക് പ്രവേശനം ഇല്ലായിരുന്നു.ഈ സ്ത്രീയുടെ ജീവിതത്തിൽ തന്റെ രോഗം കാരണം സമൂഹത്തിൽ പൊതു ഇടങ്ങളിലെ സ്ഥാനം നഷ്ടപ്പെടുകയും അതുവഴി സാമൂഹിക ബന്ധങ്ങൾ ശിഥിലമാക്കപ്പെടുകയും ചെയ്തു.പിറകിൽ നിന്ന് തൊട്ടു (വാ.28), ഭയന്നു വിറച്ചു( വാ.33) എന്നീ വാക്കുകൾ പൊതു ഇടം നഷ്ടപ്പെട്ട സ്ത്രീയുടെ നിസ്സാഹയതയും വേദനയും വരച്ചുകാട്ടുന്നു. സൗഖ്യം എന്നത് 'രോഗം സൃഷ്ടിക്കുന്ന ഒരുതരം തടവറയ്ക്ക് സമാനമായ അവസ്ഥയെ തകർക്കുന്നതാണ് '.നിലവിലുള്ള മതത്തിന്റെ ആചാര അനുഷ്ഠാനങ്ങളെ തകർത്തുകൊണ്ട് അവൾ മുന്നേറുന്നു.12 വർഷത്തെ നീണ്ട ചികിത്സ തനിക്ക് നൽകാത്ത സൗഖ്യം, എല്ലാം നഷ്ടപ്പെട്ടുപോയി എന്ന തോന്നൽ ഇതെല്ലാം അവൾ തിരികെ പിടിക്കുകയാണ്.നിരാശയുടെ അഗാധഗർത്തത്തിൽ പതിക്കാവുന്ന അവൾ എല്ലാ സാമൂഹിക ബന്ധങ്ങളെയും തച്ചുടച്ച് കളഞ്ഞു കർത്താവിന്റെ അടുക്കലേക്ക് വരുന്നു. വസ്ത്രത്തിന്റെ തൊങ്ങൾ തൊട്ട പ്രവർത്തിയേക്കാൾ അതിലേക്ക് നയിച്ച അവളുടെ വിശ്വാസം മൂലമാണ് അവൾക്ക് സൗഖ്യം അനുഭവമായത്. അനുഗ്രഹങ്ങൾക്കും സൗഖ്യത്തിനും ബദലായി നിലനിന്നിരുന്ന സാമൂഹ്യ ബന്ധനങ്ങളെ തകർത്തത് അത്ഭുതകരമായ വിടുതലിന് കാരണമായി. എന്നാൽ ബാധ ഒഴിഞ്ഞു സ്വസ്ഥമായി എന്നുള്ള യേശുവിന്റെ പൊതുവിലുള്ള പ്രസ്താവന അവളുടെ സൗഖ്യത്തിന്റെ പൂർണ്ണതയെ വെളിവാക്കുന്നതാണ്.യേശുവിന്റെ സൗഖ്യദായക ശുശ്രൂഷയിലൂടെ ഈ സ്തീക്ക് നഷ്ടപ്പെട്ടുപോയ സാമൂഹ്യ ബന്ധങ്ങളിലേക്ക് പ്രവേശിക്കുവാൻ അവൾക്ക് സാധ്യമായി.

### 2. ശരീരാത്മദേഹികളുടെ സൗഖ്യം ദൈവീക ബന്ധത്തിലേക്ക് പ്രവേശിക്കുവാനുള്ള ക്ഷണം

യേശുവിന്റെ സൗഖ്യദായക ശുശ്രൂഷയിൽ കാണുന്ന പ്രധാനപ്പെട്ട ഒരു സംഭവമാണ് ആളുകളുടെ ആവശ്യങ്ങൾ മനസ്സിലാക്കുവാനുള്ള യേശുവിന്റെ ഗ്രഹണശക്തി. ഈ വേദഭാഗത്തും അത് വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു.യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിലെങ്കിലും തൊട്ടാൽ ആ തൊടൽ തന്റെ സൗഖ്യത്തിനു കാരണമാകും എന്ന വിശ്വാസത്തിനു ഉടമയായിരുന്നു ഈ സ്ത്രീ.ആവശ്യബോധമുള്ള ആരോ ഓരാൾ തന്നെസ്പർശിച്ചു എന്ന് യേശു തിരിച്ചറിഞ്ഞു.തന്റെ വസ്ത്രം തൊട്ട ആളെ കണ്ടെത്താനുള്ള ക്രിസ്തുവിന്റെ വ്യഗ്രത ശ്രദ്ധേയമാണ്.യേശുവിന്റെ ചോദ്യം ശിഷ്യൻമാരിലും പുരഷാരത്തിലും ആശ്ചര്യം ഉളവാക്കി.തങ്കൽ നിന്നും ശക്തി പുറപ്പെട്ടു എന്നു ഉള്ളിൽ അറിഞ്ഞിട്ടു യേശു ചോദിക്കുന്ന ചോദ്യം 'എന്റെ വസ്ത്രം തൊട്ടത് ആർ ?' കർത്താവ് അറിയാതെ ചോദിച്ച ചോദ്യമല്ല അത്.വ്യക്തിപരമായി ഈ സ്ത്രീ അറിയുകയും അവളെ ദൈവീക ബന്ധത്തിൽ ദൃഢപ്പെടുത്തുന്നതിനുമുള്ള കർത്താവിന്റെ നീക്കം ഏറ്റവും ശ്രദ്ധേയമാണ്.കേവലം ഒരു സ്പർശനമല്ല ഇവിടെ പരാമർശിക്കുന്നത്.ദൈവീക ശക്തി തിരിച്ചറിയുന്ന വിധത്തിലുള്ള സ്പർശനം.അന്നും ഇന്നും യേശുവിനെ തിരക്കിനിടയിൽ അന്വേഷിക്കുന്ന പലരും ഉണ്ട്.എന്നാൽ യേശുവിനെ തിരക്കിനിടയിലും ആവശ്യബോധത്തോടെ സ്പർശിക്കുന്നവരോ അതിനായി ആഗ്രഹിക്കുന്നവരോ ആണോ നാം.സൗഖ്യം എന്നത് കേവലം ശാരീരിക സുഖം അനുഭവിക്കുന്നതിലൂടെ അവസാനിക്കുന്നില്ല.മറിച്ച് യേശുവിനെ വ്യക്തിപരമായി പരിചയപ്പെടുമ്പോഴാണ് അതിന് പൂർത്തീകരണം ഉണ്ടാകുന്നത്.ശാരീരിക സൗഖ്യം നൽകുന്നതുകൊണ്ട് മാത്രം യേശു തൃപ്തിപ്പെട്ടില്ല. മനുഷ്യവ്യക്തിത്വത്തിന്റെ പൂർണ്ണമായ പുനരധിവാസം ആയിരുന്നു യേശുവിന്റെ ലക്ഷ്യം.അത് സംഭവിക്കുന്നത് ക്രിസ്തുവിനെ വ്യക്തിപരമായി പരിചയപ്പെടുന്നതിലൂടെയും ദൈവീക ബന്ധങ്ങളിലേക്ക് ഉള്ളക്ഷണം സ്വീകരിക്കുന്നതിലൂടെയുമാണ്.യേശുവിന്റെ സ്പർശനത്തിലൂടെ ഉണ്ടായ

സൗഖ്യത്തെ സ്വന്തം നേട്ടമായി കരുതാതെ ഭയപ്പെട്ടും വിറച്ചും കൊണ്ടും യേശുവിന്റെ മുമ്പിൽ വീണ് വസ്തുത ഒക്കെയും അറിയിച്ച് അത് സാക്ഷ്യത്തിനുള്ള അവസരമായി ഉപയോഗിച്ചു.

**3. ശരീരാത്മദേഹികളുടെ സൗഖ്യം സമാധാന ജീവിതത്തിന്റെ പുനർസൃഷ്ടി**

യേശു അവസാനമായി അവളോട് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്.സമാധാനത്തോടെ പോവുക.യേശു അവളെ കാണ്മാൻ ചുറ്റും നോക്കി എന്ന് വാക്യം 32 ൽ വായിക്കുന്നു.12 വർഷമായി നഷ്ടപ്പെട്ടുപോയ ജീവിതത്തിന്റെ സമാധാനം നിറഞ്ഞ നല്ലകാലത്തിലേക്കുള്ള മടങ്ങിപോക്ക് ആണ് ഈ യാത്രയിൽ സംഭവിക്കുന്നത്.പിന്നീട് കർത്താവ് ഒരും വാക്കും കൂടെ കൂട്ടിചേർക്കുന്നു. സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞ് സ്വസ്ഥമായിരിക്ക.ബാധ ഒഴിഞ്ഞു എന്നുള്ള ബോധ്യം അതാണ് അവൾക്ക് സ്വസ്ഥതയും സമാധാനവും നൽകുന്നത്.നീണ്ട 12 വർഷത്തെ ബാധ അനുഭവത്തിൽ നിന്നും വിശ്വാസത്തിലൂടെ ഒരു പുതു തുടക്കത്തിനുള്ള യാത്ര.സമാധാനമായി പോയി സ്വസ്ഥമായിരിക്ക എന്ന കർത്താവിന്റെ ആശംസ.മഹാവ്യാധിയുടെ നടുവിലൂടെ യാത്രചെയ്യുന്ന മനുഷ്യന്റെ സാമൂഹ്യ ബന്ധങ്ങളിൽ അകൽച്ച സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ കാലത്ത് ആഴമേറിയ ദൈവീക ബന്ധത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കി സമാധാന ജീവിതം പുന:സ്ഥാപിക്കാൻ നമുക്കിടയാകണം.ദൈവബോധവും ദൈവീക പദ്ധതിയിലെ പങ്കാളിത്വവും ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലഘട്ടം.ഒരു തിരിച്ചുവരവും അനുതാപവും കാലഘട്ടത്തിന്റെ ആവശ്യമാണ്.സമഗ്രമായ സൗഖ്യമാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ദേഹം,ദേഹി,ആത്മാവ് ഇവയുടെ സമ്പൂർണ്ണ സമർപ്പണവും വിടുതലും കർത്താവിന്റെ സൗഘ്യദായക ശുശ്രൂഷയുടെ കാതലാണ്.ഈ ശുശ്രൂഷ ആനുകാലിക ലോകത്തിൽ കർത്താവിനോടുകൂടെ തുടരുന്നതാണ് സഭയുടെ ദൗത്യം.

## 2022 മാരാമൺ കൺവൻഷൻ

**മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ ഓഫീസ് മാരാമൺ മണൽപുറത്ത് പ്രവർത്തിക്കുന്നതാണ് ഓഫീസ് സന്ദർശിച്ച് സംഘം പ്രവർത്തനത്തെ സഹായിക്കുന്നതിനും സന്നദ്ധ സന്ദേശം മാസികയുടെ വരിസംഖ്യ പുതുക്കുന്നതിനുമുള്ള അവസരം പ്രയോജനപ്പെടുത്തുമല്ലോ.**

**സംഘദിന സ്തോത്രകാഴ്ച, എ.എം.എം ബൈബിൾ ഇൻസ്ററിറ്റ്യൂട്ട് സംഭാവന, സംഘം മിഷൻ ഫീൽഡുകൾക്ക് വേണ്ടിയുള്ള സംഭാവനകൾ, എൻഡോവുമെന്റുകൾ എന്നിവ നൽകുവാൻ മണൽപുറത്തുള്ള സന്നദ്ധ സുവിശേഷക സംഘത്തിന്റെ ഓഫീസിൽ സൗകര്യം ഉണ്ടായിരിക്കും. അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.**

**ജനറൽ സെക്രട്ടറി**

## മുഴുരാത്രി പ്രാർത്ഥന

ഓരോ മാസത്തിന്റെയും ആദ്യ തിങ്കളാഴ്ച നടത്തപ്പെടുന്ന മുഴുരാത്രി പ്രാർത്ഥന 2022 ജനുവരി 03 - ാം തീയതി തിങ്കളാഴ്ച വൈകിട്ട് 7.00 ന് കൊമ്പാടിയിൽ പ്രാർത്ഥനാ മാളികയിൽ വച്ച് നടത്തുന്നതാണ്. പ്രാർത്ഥനാ വിഷയങ്ങൾ മുൻകൂട്ടി ഓഫീസിൽ (0469 - 2602907) അറിയിക്കുക.




എ. എം. എം. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് 2020 ബാച്ച്

Registered with registrar of newspapers
of India under KERMAL/2012/43912
Date of publication : 20/12/2021

SANNADHA SANDESHAM
ANNUAL SUBSCRIPTION `150
വില – 8.50/–

Postal Reg. No. KL/TLA/229/2019-21
Licence No. for Posting without Pre-Payment
KL/TLA/WPP/158/2019-21



എ. എം. എം. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് 2021 ബാച്ച്

Printed & Published by General Secretary Rev. Danes B. Oommen on behalf of the Mar Thoma Voluntary Evangelists' Association, Thiruvalla
Owned by Mar Thoma Voluntary Evangelists' Association and Printed at : J.J.Graphic, Plankamon and
Published at Mar Thoma Voluntary Evangelists' Association, Manjadi P.O., Thiruvalla - 689 105. Chief Editor : Rev. Bobby Mathew